# ഭാഷാവബോധവും സർഗാത്മകതയും



# ഭാഷാവബോധവും
# സർഗാത്മകതയും

(Malayalam)

**Bhashavabodhavum Sargathmakathayum**

Text Book

BA/BSc.III Semester Additional Language

Compiled by Board of Studies, Malayalam (Pass)

University of Kerala

Type Setting & Printing

Kerala University Press,

Thiruvananthapuram

Cover Design

Godfrey Das

First Edition : 2022

Published by

Director,

Department of Publications,

University of Kerala,

Thiruvananthapuram.

**Price Rs. 30/-**

KUDP-395-TBDL-M6-EDI-22-7-10

# ഭാഷാവബോധവും സർഗാത്മകതയും

പ്രകാശനവിഭാഗം
കേരളസർവ്വകലാശാല
തിരുവനന്തപുരം
2022

## പാഠങ്ങൾ തിരഞ്ഞെടുത്ത സമിതി

ഡോ. അജയപുരം ജ്യോതിഷ്കുമാർ (ചെയർമാൻ)

ഡോ. എം. വിജയൻപിള്ള

ഡോ. എം. എ. സിദ്ദിഖ്

ഡോ. ആർ. ജയകുമാർ

ഡോ. ചായം ധർമ്മരാജൻ

ഡോ. മേരി എം. ഏബ്രഹാം

ഡോ. എസ്. അജയഘോഷ്

ഡോ. സി. ഉദയകല

ഡോ. ബി. വി. ശശികുമാർ

ശ്രീ. കെ. എസ്. മനോജ്

ശ്രീ സി. അനൂപ്

# ഉള്ളടക്കം


| | | | | |
|---|---|---|---|---|
| 1. | ഭാഷാസഹവർത്തിത്വം | - | ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ | 7 |
| 2. | ഭാഷ ചീത്തയാക്കുന്നത് ആരാണ്? | - | എം. എൻ. കാരശ്ശേരി | 14 |
| 3. | തർജ്ജുമയിൽ വരാവുന്ന അപാകതകൾ | - | പ്രൊഫ. വിഷ്ണു നാരായണൻ നമ്പൂതിരി | 20 |
| 4. | നാലിതൾപ്പൂവ് | - | ഇടശ്ശേരി | 31 |
| 5. | ഒരു കവിതയുടെ കഥ | - | അക്കിത്തം | 34 |
| 6. | എന്തിന്, എങ്ങനെ കഥ എഴുതണം? | - | പി. കേശവദേവ് | 40 |

# ഭാഷാസഹവർത്തിത്വം

ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ

ഇതരജീവികൾക്കില്ലാത്ത സാംസ്കാരികജീവിതം മനുഷ്യർക്ക് സാധ്യമായത് ഭാഷാപ്രയോഗസിദ്ധിയുടെ ഫലമായാണ്. മനുഷ്യരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വ്യാപിച്ചു കിടക്കുന്ന പ്രതിഭാസമാണ് ഭാഷ. വിവിധ ഗോത്രത്തിൽപ്പെട്ട ധാരാളം ഭാഷകൾ സംസാരിക്കുന്ന ജനങ്ങളുടെ അധിവാസഭൂമിയാണ് ഭാരതം. ഇന്ത്യയിൽ 179 സ്വതന്ത്രഭാഷകളും 544 ഭാഷാഭേദങ്ങളും ഉണ്ടെന്നാണ് 1906-ലെ Linguistic Survey of India - റിപ്പോർട്ടിൽ ഗ്രിയേഴ്സൺ പ്രസ്താവിച്ചിട്ടുള്ളത്. 1906-ലെ സ്ഥിതിയിൽനിന്നും തികച്ചും വ്യത്യസ്തമാണ് ഇന്ത്യയിലെ ഇന്നത്തെ ഭാഷാ സ്ഥിതി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 4 ഭാഷാഗോത്രങ്ങളിൽപ്പെടുന്ന ഭാഷകളാണുള്ളത്

1. ഇൻഡോ - ആര്യൻ(ഇൻഡോ യൂറോപ്യൻ ഗോത്രത്തിന്റെ ഉപശാഖ)
2. ദ്രാവിഡം
3. ആസ്ട്രിക്ക് (ആസ്ട്രോ - ഏഷ്യാറ്റിക് ഭാഷാഗോത്രത്തിലെ ഉപശാഖ)
4. സൈനോ ടിബറ്റൻ

ആസ്ട്രിക്ക് ഭാഷാ ഗോത്രത്തിൽപ്പെട്ട മുണ്ട, സന്താലി, മുണ്ടാരി, ഹൊ, ബിർഹോർ, ഭൂമിക്ക്, കൊർവ, കൊർക, കർക എന്നീ ഭാഷകളാണ് ഒറീസ്സ, മധ്യപ്രദേശ്, ബംഗാൾ സംസ്ഥാനങ്ങളിലെ ഗിരിവർഗക്കാർ സംസാരിച്ചുപോരുന്നത്.

ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങൾ, ഹിമാലയത്തിന്റെ അടിവാരപ്രദേശങ്ങൾ, സിക്കിം, അസം എന്നിവിടങ്ങളിൽ സംസാരിച്ചുവരുന്ന ഒട്ടേറെ ഭാഷകളുടെ ഗോത്രമാണ് സിനോ-ടിബറ്റൻ, മണിപൂരി, നേവാരി, ലെപ്ച എന്നിവ പ്രധാനം.

ഇങ്ങനെ നാല് ഗോത്രങ്ങളിൽപ്പെടുന്ന 200 ഓളം സ്വതന്ത്ര ഭാഷകൾ സംസാരിക്കുന്ന ജനവിഭാഗങ്ങളുടെ ഒരു ഭാഷാമേഖല യാണ് ഇന്ത്യ. ഈ നാലു ഗോത്രങ്ങളിലുംപെട്ട ഭാഷക്കാരുടെ ഭാഷ യിൽ യാദൃച്ഛികമെന്നു കരുതാൻ കഴിയാത്ത ധാരാളം സ്വഭാവ സാദൃശ്യങ്ങൾ കാണുന്നുണ്ട്. വിഭിന്ന ജനവിഭാഗങ്ങൾ എത്ര ഐക്യത്തോടെയാണ് ഒരൊറ്റ ജനത എന്ന നിലയിൽ ഇന്ത്യയിൽ പുലരുന്നതെന്നു കാണാൻ ഭാഷകളിൽ കാണുന്ന പൊതുസാദൃ ശ്യങ്ങൾ മതിയാകും. ഭാഷാശാസ്ത്രപരമായ ഈ വസ്തുത ആദ്യം ചൂണ്ടിക്കാണിച്ചത് അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ഫ്രാൻസ് ബോസാണ്. ഈ അഭ്യൂഹത്തെ സിദ്ധാന്തപദവിയിലെ ത്തിച്ചത് പ്രസിദ്ധ ദ്രാവിഡഭാഷാശാസ്ത്രപണ്ഡിതനായ എം. ബി. എമനൊ ആണ്. ഭാഷാഗോത്രങ്ങളുടെ അതിരുകൾ അതിക്രമിച്ച് ഭാരതീയഭാഷകളിൽ കാണുന്ന സമാന ഭാഷാപ്രത്യേകതകൾ കണ ക്കിലെടുത്ത് ഇന്ത്യയെ ഒരു ഭാഷാമേഖല എന്നു അദ്ദേഹം വിശേഷിപ്പിച്ചു. India as a Linguistic Area (1956) എന്ന പ്രബന്ധ ത്തി ലാണ്. എം. ബി. എമനൊ ഇക്കാര്യം ചർച്ച ചെയ്തിട്ടുള്ളത്. സാമൂഹ്യഭാഷാശാസ്ത്രപരം എന്നതിലുപരി സാംസ്കാരികവും വിവർത്തനക്ഷമതാപരവുമായ മേഖലകൂടിയാണ് ഇന്ത്യയെന്ന കണ്ടെത്തലിലേക്കാണ് എമനോവിന്റെ പ്രബന്ധം വഴി തെളിച്ചത്.

ഇന്ത്യയിലെ 74% ജനങ്ങൾ ഇൻഡോ – ആര്യൻ ഭാഷകളാണ് സംസാരിക്കുന്നത്. 24% ജനങ്ങൾ ദ്രാവിഡഭാഷകളും 9 ലക്ഷം ജന ങ്ങൾ ആസ്ട്രോ – ഏഷ്യാറ്റിക് ഭാഷകളും (1.2%) 6 ലക്ഷം ജനങ്ങൾ സൈനോടിബറ്റൻ ഭാഷകളും (0.6%) സംസാരിക്കുന്നു.

ഇന്ത്യയിൽ 1652 മാതൃഭാഷകളുണ്ട്. ഇതിൽ 29 എണ്ണത്തിനു മാത്രമേ 10 ലക്ഷത്തിൽ കവിഞ്ഞ ഭാഷകരുള്ളൂ. ഒരു ലക്ഷത്തി ലേറെ ഭാഷകരുള്ള ഭാഷകൾ 60 ഉം പതിനായിരത്തിനു മുകളിലു ള്ളവ 122 ഉം വരും. (2001 സെൻസസ്)

ഭരണഘടനയിൽ 22 ഭാഷകൾക്ക് ഔദ്യോഗികഭാഷ എന്ന സ്ഥാനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഭൂപ്രദേശങ്ങളെ ഭാഷകളുടെ അടിസ്ഥാനത്തിൽ പുനർവിഭജിച്ചത് ഭാഷകളുടെ വികസനവും സഹവർത്തിത്വവും ലക്ഷ്യം വച്ചായിരുന്നു. കൊളോണിയൽ മേധാ

വിത്വം രണ്ടു നൂറ്റാണ്ടുകളോളം അനുഭവിക്കേണ്ടിവന്ന ഭാരതീയർക്ക് സ്വന്തം സംസ്കാരവും ഭാഷയും അവഗണിക്കപ്പെടുന്നത് നിസ്സഹായരായി നോക്കി നിൽക്കാനേ സാധിച്ചുള്ളൂ. ഈ വസ്തുത കണക്കിലെടുത്താണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനർനിർണയിച്ചത്. അതിർകടന്ന ഭാഷാഭിമാനത്തിലേക്ക് ഇതു വഴിതുറക്കുകയും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തുവെങ്കിലും ഗുണപരമായ ചില അംശങ്ങൾ ഉള്ളത് നാം കാണാതിരുന്നുകൂടാ. ഓരോ സംസ്ഥാനവും മാതൃഭാഷയോടൊപ്പം ഭാഷാന്യൂനപക്ഷങ്ങളെയും ഉൾക്കൊള്ളുന്ന ഒരു ഭരണസീമയാണ്. വിഭിന്നഭാഷകൾ സംസാരിക്കുന്ന ജനതയെ പരസ്പര സൗഹൃദത്തോടെ പുലരാൻ വേണ്ട സാഹചര്യം സൃഷ്ടിക്കേണ്ട ചുമതല സ്റ്റേറ്റിനാണ്. സ്വതന്ത്രഇന്ത്യയിൽ ഈ നയത്തിന് വലിയ പോറൽ ഏറ്റിട്ടില്ലെന്നു പറയാം. കേരളത്തിന്റെ കാര്യം തന്നെ എടുത്താൽ എത്രയോ ഭാഷക്കാർ മലയാളികളോടൊപ്പം സ്വന്തം ഭാഷയും സംസ്കാരവും ആചാരവും സംരക്ഷിച്ചുകൊണ്ട് ഇവിടെ ജീവിക്കുന്നു. തുളു, തമിഴ്, തെലുങ്ക്, കൊങ്ങിണി, ബംഗാളി തുടങ്ങി ദ്രാവിഡഗോത്രത്തിലും ഇൻഡോ - ആര്യൻ ഗോത്രത്തിലുംപെട്ട ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ ഇവിടെ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുന്നു. എല്ലാ ഭാഷക്കാരെയും ഉൾക്കൊള്ളാനുള്ള ഈ വിശാലമനോഭാവമാണ് മലയാളിയുടെ, ഒന്നുകൂടി വ്യക്തമാക്കിയാൽ കേരളത്തിന്റെ പ്രത്യേകത. ഒന്നിൽക്കൂടുതൽ മാതൃഭാഷകരുള്ള മേഖലകൾ കേരളത്തിൽ ധാരാളമുണ്ട്. തമിഴ് - മലയാള ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ ഒന്നിച്ചു കഴിയുന്ന ദ്വിഭാഷാമേഖലകളാണ് തെക്കൻ തിരുവിതാംകൂർ, ഇടുക്കിയിലെ ഹൈറേഞ്ച് മേഖലകൾ, പാലക്കാടൻ ജില്ലയുടെ അതിർത്തി പ്രവിശ്യകൾ. കാസർകോട് ജില്ലയിലെ മഞ്ചേശ്വരം തുളു - കന്നട - മലയാളം ഭാഷകരുള്ള ത്രിഭാഷാമേഖലയാണ്. കേരളത്തിലെ മിക്ക നഗരങ്ങളിലും വിഭിന്ന മാതൃഭാഷക്കാർ ഒരുമിച്ചു ജീവിക്കുന്നുണ്ട്.

സഹവർത്തിത്വത്തിലൂടെ ആർക്കും മാതൃഭാഷയ്ക്കു പുറമേ മറ്റൊരു ഭാഷയിൽ പ്രാവീണ്യം സമ്പാദിക്കാനും കഴിയും. ഭാഷാജ്ഞാനം ജന്മസിദ്ധമാണ്. യാതൊരു വിദ്യാഭ്യാസവുമില്ലാത്തവർ അന്യഭാഷാസംസ്ഥാനങ്ങളിൽപ്പോയി ആ ഭാഷകളിൽ അനൽപ്പ

മായ വൈഭവം നേടിയതിന് എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഭാഷാടിസ്ഥാനത്തിൽ സ്റ്റേറ്റുകൾ പുനർസൃഷ്ടിച്ചുവെങ്കിലും ഭൂമിശാസ്ത്രപരമായ ഒരു അതിരിനുള്ളിൽ ഒരു ഭാഷയും ഒതുങ്ങുന്നില്ലെന്ന പരമാർത്ഥം അവശേഷിക്കുന്നു. ഉപജീവനം തേടി ജനവർഗങ്ങൾ ചരിത്രാതീതകാലം മുതൽക്കേ പുതിയ മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ച ചരിത്രമാണുള്ളത്. ഇത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രസക്തമാണ്. കാരണം ഏറ്റവും പുരാതനമായ ഒരു മാനവസംസ്കാരത്തിന്റെ ഈടുവയ്പുകളുള്ള ഭൂവിഭാഗമാണ് ഭാരതം. സിന്ധുനാഗരികത, വൈദികകാലം, ദക്ഷിണാപഥത്തിലെ ദ്രാവിഡഗോത്രപ്പഴമ തുടങ്ങി ഒട്ടനവധി സംസ്കാരങ്ങളുടെ സമവായമാണ് ഇന്ത്യൻസംസ്കാരം. ഈ സംസ്കാരത്തെ ഊട്ടിവളർത്തിയതും നിലനിർത്തിയതും ഇന്ത്യൻഭാഷകളാണ്. അതിനാൽ വായ്മൊഴിതലത്തിൽ മാത്രം നിലനിൽക്കുന്നതും അല്ലാത്തതുമായ എല്ലാ ഭാഷകൾക്കും തുല്യസ്ഥാനമാണുള്ളത്. വിവിധ ഭാഷകൾ സംസാരിക്കുന്നവരാണെങ്കിലും ഭാരതീയരെ ഒന്നിച്ചു നിർത്തുന്നത് ഈ ഭാഷകൾ സംയുക്തമായി സൃഷ്ടിച്ച സാംസ്കാരികപൈതൃകമാണ്. മണ്ണിന്റെ മക്കൾ വാദത്തിന്റെ പ്രസക്തി നഷ്ടമായത് ഈ പശ്ചാത്തലത്തിലാണെന്നോർക്കുക.

സ്വന്തം മാതൃഭാഷകളുള്ളവരാണ് ഭാരതത്തിലെ എല്ലാ ജനവിഭാഗങ്ങളും. അവരെ ഏകോപിപ്പിച്ചു നിർത്തുന്നത് ഭാഷകളിലൂടെ ജീവിക്കുന്ന ഒരു സംസ്കാരമാണ്. ഈ അടിസ്ഥാനമൂല്യത്തെ നിരാകരിക്കാൻ ഒരു ഭരണവർഗത്തിനും സാധിക്കില്ലെന്ന വസ്തുതയ്ക്ക് ഏറ്റവും നല്ല നിദർശനമാണ് ഇന്ത്യ ഒരു ഭാഷാമേഖല എന്ന കണ്ടെത്തൽ.

"ജനനീ ജന്മഭൂമിശ്ച സ്വർഗാദപി ഗരീയസ്സി" എന്ന രാമായണ ദർശനവും "യാതും ഊരേ, യാവരും കേളീർ" (പുറനാനൂറ്) എന്ന ദ്രാവിഡദർശനവും ഭാഷയെച്ചൊല്ലി വിവാദങ്ങൾ സൃഷ്ടിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാവരും ഒരു ഗ്രാമത്തിൽപ്പെട്ടവർ എന്ന മഹത്തായ സന്ദേശമാണ് ഭാരതത്തിലെ പൂർവ ആചാര്യൻമാർ നൽകിയിട്ടുള്ളത്.

ഭാഷകൾ ഭിന്നങ്ങളെങ്കിലും ഇന്ത്യൻസംസ്കാരവും സാഹിത്യവും ഒന്നാണ്. ഇന്ത്യൻഭാഷകളിലൂടെ സർവ്വവിജ്ഞാനങ്ങളും പഠിക്കുവാൻ സാഹചര്യം ഉണ്ടാകണം. അവനവന്റെ ഭാഷയിലൂടെ ചിന്തിച്ചിട്ടാണ് പ്രതിഭാശാലികൾ ജന്മം കൊള്ളുന്നത്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചത് അവരുടെ ഭാഷയിലൂടെയാണ്. 9000-ത്തിനും 10000 -ത്തിനും ഇടയ്ക്കു വരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥരാണ് 200 വർഷക്കാലം ഇന്ത്യ ഭരിച്ചതെന്നോർക്കുക. ഭരണത്തിന്റെ താഴേത്തട്ടിലുള്ള ഉദ്യോഗസ്ഥൻമാരെല്ലാം നാട്ടുകാരായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നാട്ടുകാരായ ഉദ്യോഗസ്ഥൻമാരെ അവർ സൃഷ്ടിച്ചു. അങ്ങനെ അധീശത്വശക്തിയുടെ ഭാഷയിലൂടെ ബ്രിട്ടീഷുകാർ ഇന്ത്യൻ ജനതയെ അടിമകളാക്കി ഭരിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടിട്ടും ഇംഗ്ലീഷ് ഭാഷയിലൂടെ ഇന്ത്യാക്കാർ ഇന്ത്യ ഭരിക്കുന്നു. ഇംഗ്ലീഷറിയാവുന്ന ഒരു ന്യൂനപക്ഷം ബഹുഭൂരിപക്ഷത്തെ കബളിപ്പിച്ചുകൊണ്ട് രാജ്യം ഭരിക്കുന്നു.

ഏതൊരു വ്യക്തിയുടെയും സ്വത്വത്തിനാധാരം അവന്റെ മാതൃഭാഷയാണ്. മാതൃഭാഷയെ അവഗണിക്കുന്നതിലൂടെ ഒരു സംസ്ക്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും തിരോധാനമാണ് സംഭവിക്കുന്നത്. ഏതു സാഹചര്യത്തിൽ വളർന്നാലും ജീവിച്ചാലും മാതൃഭാഷയിലൂടെ കിട്ടിയ സാംസ്കാരികമൂല്യങ്ങൾ കൈവിടാതിരിക്കാൻ ശ്രദ്ധിക്കണം. അതുകൊണ്ട് ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസമെങ്കിലും മാതൃഭാഷയിലൂടെയായിരിക്കണമെന്ന് നിയമനിർമാണത്തിലൂടെ ഉറപ്പു വരുത്തേണ്ടത് സ്റ്റേറ്റിന്റെ കടമയാണ്. ഓരോ സ്റ്റേറ്റിലും നിവസിക്കുന്ന ഇതരഭാഷക്കാർക്ക് അവരുടെ മാതൃഭാഷയിലൂടെ വിദ്യാഭ്യാസം ഉറപ്പു വരുത്തേണ്ടത് അതതു മാതൃഭാഷാസംസ്ഥാനങ്ങളായിരിക്കണം.

ഭാഷാടിസ്ഥാനത്തിൽ ഭാരതത്തെ പുനസ്സംഘടിപ്പിക്കാമെന്ന ആശയത്തിന്റെ ഉപജ്ഞാതാവ് ബ്രിട്ടീഷുകാരനായ ജോൺബ്രൈറ്റാണ്. ഗാന്ധിജിക്ക് ഈ ആശയത്തോട് യോജിപ്പുണ്ടായിരുന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനരൂപീകരണം നടന്ന് അമ്പത്തിയാറ് വർഷം കഴിഞ്ഞിട്ടും കേരളത്തിൽ ഭരണഭാഷയും വിദ്യാഭ്യാസമാധ്യമവും മാതൃഭാഷയിലാകാത്തത് എന്തുകൊണ്ട്? അരനൂ

റ്റാണ്ടുകൊണ്ട് ഇന്ത്യയിലെ ഭരണഭാഷ ഇംഗ്ലീഷാക്കാൻ ഇംഗ്ലീഷുകാർക്ക് കഴിഞ്ഞു. നാട്ടുകാർ ഭരണം കയ്യേറ്റിയിട്ടും മലയാളിയുടെ മാതൃഭാഷയ്ക്ക് ഒരു എഴുന്നേറ്റവും ഉണ്ടായില്ല. എവിടെയാണ് പാളിച്ച പറ്റിയത്? വിദ്യാഭ്യാസരംഗത്ത് അനുവർത്തിച്ച ഉദാസീന ഭാഷാനയമാണ് പ്രധാന ഹേതു. മലയാളഭാഷയ്ക്ക് അർഹമായ സ്ഥാനം കൊടുത്ത് ആ ഭാഷയെ പോഷിപ്പിക്കാനുള്ള യത്നങ്ങൾ മാറി മാറി അധികാരത്തിൽ വന്ന രാഷ്ട്രീയപ്പാർട്ടികൾ കൈക്കൊണ്ടില്ല. സ്റ്റേറ്റ് ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെടുന്ന ഉദ്യോഗങ്ങൾക്ക് മലയാളഭാഷാ പരിജ്ഞാനം വേണം എന്ന് എന്തുകൊണ്ട് ശഠിച്ചു കൂടാ? ഭരണഭാഷയാകാനും വൈജ്ഞാനികഭാഷയാകാനും മലയാളത്തിനു കെൽപ്പില്ലെന്ന വാദത്തിൽ ഒരു കഴമ്പുമില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവത്രികമാകുന്നതിന് മുമ്പ് ഇവിടെ മലയാളഭാഷയിൽ ധാരാളം വൈജ്ഞാനികഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. തത്വജ്ഞാനം. ജ്യോതിശാസ്ത്രം, ഗണിതം, വാസ്തുവിദ്യ, ആരോഗ്യശാസ്ത്രം, കൃഷിശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങൾതന്നെ ഉദാഹരണം. ഇവ മനസ്സിലാവണമെങ്കിൽ മാതൃഭാഷയുടെ ഉള്ളുകള്ളികൾ മനസ്സിലാക്കണം. ആധുനികവിദ്യാഭ്യാസത്തിൽ അതിന് സാഹചര്യമില്ലാതെ പോയതാണ് മലയാളഭാഷ പുറന്തള്ളപ്പെടാൻ കാരണം. പ്രാകൃതം, പാലി, സംസ്കൃതം, സെമറ്റിക് ഗോത്രത്തിൽപ്പെട്ട ഹീബ്രു, അറബിക് എന്നീ ഭാഷകളുമായി അതിപ്രാചീനകാലം മുതൽക്കേ മലയാളത്തിനു ബന്ധമുണ്ട്. ഏതു ഭാഷയിൽനിന്നും പെട്ടെന്ന് പദങ്ങളെ സ്വീകരിക്കാനുള്ള കഴിവ് മലയാളത്തിനോളം മറ്റൊരു ഇന്ത്യൻ ഭാഷയ്ക്കുമില്ല. നൂതന സാങ്കേതികശബ്ദസൃഷ്ടിയിൽ ഏറ്റവും കൂടുതൽ പ്രയത്നിച്ചിട്ടുള്ള വൈയാകരണനാണ് ഏ. ആർ. രാജരാജവർമ്മ. 1913–ൽ സാഹത്യസാഹ്യത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി: " പ്രകൃതിയുടെ രഹസ്യങ്ങളെ ആരാഞ്ഞറിഞ്ഞ് തദീയ ശക്തികളെ ജനോപകാരത്തിനായി ഉപയോഗിച്ചുകൊണ്ടുവരുന്ന ഇക്കാലത്തിൽ പുതിയ പുതിയ വസ്തുക്കൾ നിത്യമെന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുതിയ വസ്തുക്കളെ കുറിക്കുന്നതിനു പുതിയ ശബ്ദങ്ങളും വേണ്ടി വരുന്നു. അതിനാൽ നൂതന ശബ്ദങ്ങളെ സൃഷ്ടിക്കേണ്ടുന്ന ആവശ്യം ആധുനികഭാഷകൾക്കെല്ലാം

നേരിട്ടിട്ടുണ്ട്. പുതിയ സാധനങ്ങളെ നിർമിക്കുന്നതു പാശ്ചാത്യ വർഗക്കാരാണ്. അവർ പ്രായേണ തങ്ങളുടെ മൂലഭാഷകളായ ലത്തീൻ, ഗ്രീക്ക് എന്ന രണ്ടു ഭാഷകളിലെ ധാതുക്കളെക്കൊണ്ട് ആവശ്യപ്പെട്ട ശബ്ദങ്ങളെ സൃഷ്ടിക്കുന്നു. യൂറോപ്പിൽ ഗ്രീക്ക്, ലത്തീൻ ഭാഷകൾക്കുള്ള സ്ഥാനം ഇന്ത്യയിൽ സംസ്കൃതമാണ് വഹിക്കുന്നത്. അതിനാൽ പുതിയ സാധനങ്ങൾക്ക് ഉചിതമായി നാമകരണം ചെയ്യുന്നത് സംസ്കൃതംകൊണ്ടേ സാധിക്കുകയുള്ളൂ.'' നൂറുവർഷങ്ങൾമുമ്പ് പുതിയ പദസൃഷ്ടിക്ക് നമുക്ക് അവലംബം സംസ്കൃതമായിരുന്നു. ഇന്ന് ആ സ്ഥാനം ഇംഗ്ലീഷ് കരസ്ഥമാക്കിയിരിക്കുന്നു. ഇംഗ്ലീഷിനും മലയാളം ഉൾപ്പെടെയുള്ള നാട്ടുഭാഷകൾക്കും ഉച്ചാരണവിഷയത്തിൽ അന്തരം ഉള്ളതിനാൽ സംസ്കൃതപദങ്ങളെപ്പോലെ ഇംഗ്ലീഷ് വാക്കുകളെ തൽസമങ്ങളായി ഉപയോഗിക്കുന്നത് ദുർഘടമാണ്. എങ്കിലും അവശ്യം വേണ്ട വർണവ്യതിയാനത്തോടെ യൂറോപ്യൻ ഭാഷാപദങ്ങളെ ഉൾക്കൊള്ളാവുന്നതാണ്. ഒരു കാര്യം ഓർക്കണം പ്രകൃതികളെയല്ലാതെ പ്രത്യയങ്ങളെ മറ്റു ഭാഷയിൽനിന്നും ഒരു ഭാഷയിലും സ്വീകരിക്കുക പതിവില്ല. ഏതു വിഷയമായാലും കാര്യം ശരിക്കു മനസ്സിലായിട്ടുള്ള ആൾക്ക് മാതൃഭാഷയിലൂടെ അത് പ്രകടിപ്പിക്കാൻ കഴിയും. ഇന്ത്യയുടെ ചൊവ്വാദൗത്യത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് ഐ. എസ്. ആർ. ഒ. യിലെ ഒരു മലയാളി ശാസ്ത്രജ്ഞൻ ശുദ്ധമലയാളത്തിൽ വിവരിച്ചപ്പോൾ സദസ്സാകെ കോരിത്തരിപ്പോടെ ശ്രവിച്ചതിന് ഈ ലേഖകൻ സാക്ഷിയാണ്. ഭൂരിപക്ഷത്തിനും ദഹിക്കാത്ത ഇംഗ്ലീഷിലൂടെ തനിക്കുപോലും പൂർണമായി അറിയാത്ത കാര്യങ്ങൾ ഒപ്പിച്ച് തടി തപ്പുന്ന വയറ്റിപ്പിഴപ്പുകാരാണ് യഥാർത്ഥത്തിൽ നമ്മുടെ ചുറ്റുപാടും ഉള്ളത്. ഇത്തരക്കാരിൽ നിന്നും ഒരു ആര്യഭടനോ ശങ്കരനാരായണനോ ശ്രീശങ്കരനോ ഇട്ടി അച്ചുതനോ സി. വി. രാമനോ രാമാനുജനോ ഇ. സി. ജി. സുദർശനനോ എ. പി. ജെ. അബ്ദുൾ കലാമോ ഉണ്ടാകാൻ പോകുന്നില്ല.

*(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ഭാഷാചരിത്രധാരകൾ' എന്ന പുസ്തകത്തിലെ ലേഖനം.)*

✦✦✦

# ഭാഷ ചീത്തയാക്കുന്നത് ആരാണ്?

എം. എൻ. കാരശ്ശേരി

ഭാഷ ചീത്തയാക്കുന്നത് മാധ്യമങ്ങളാണ് എന്ന പരാതിക്ക് കേരളത്തിൽ പല ദശകങ്ങളുടെ പഴക്കമുണ്ട്. പത്രം, വാരിക, മാസിക തുടങ്ങിയവ നമ്മുടെ നാട്ടിൽ പ്രചാരം നേടിത്തുടങ്ങുന്നതോടെ ഈ പരാതിയും പൊന്തിവന്നു.

ഭാഷ 'ചീത്തയാക്കുക' എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?

പറഞ്ഞുകേട്ട പരാതിയുടെ സ്വഭാവംവച്ച് അതിനെ താഴെ പറയുംപോലെ ഇനം തിരിക്കാം:

1) ശൈലി - മാധ്യമപ്രവർത്തകർ അത്യുക്തികളും അതിശയോക്തികളും നിരന്തരമായ ഉപയോഗംകൊണ്ട് തേഞ്ഞുപോയ പ്രയോഗങ്ങളും (ക്ലീഷേ) കൊണ്ടുനടക്കുന്നു. ഉദാഹരണം: ഒരു സാധാരണ നേതാവിനെ 'മഹാൻ' എന്നു വിളിക്കുന്നത് അത്യുക്തിയാണ്. ഒരു സാധാരണ മന്ത്രിയെ 'ആദർശത്തിന്റെ ആൾരൂപം' എന്ന് വിശേഷിപ്പിക്കുന്നത് അതിശയോക്തിയാണ്; ഒരു സാഹിത്യകാരനെ 'അതികായൻ' എന്ന് വിശേഷിപ്പിക്കുന്നത് 'ക്ലീഷേ'യാണ്.

2) വ്യാകരണം - അറിവില്ലായ്മകൊണ്ടോ, ആലോചനക്കുറവുകൊണ്ടോ, തിരക്കുകൊണ്ടോ പത്രക്കാർ വ്യാകരണശുദ്ധമായി എഴുതണം എന്ന് നിഷ്കർഷിക്കുന്നില്ല. ഉദാഹരണം: വേണ്ടാത്തമട്ടിൽ അവ്യക്തതകളും ദൂരാന്വയങ്ങളും അർത്ഥ

വ്യത്യാസങ്ങളും വരുന്ന വാക്യഘടനകൾ അവരുടെ ഭാഷയിൽ കണ്ടിട്ടുണ്ട്.

3) പദബോധം – വാക്കുകളെപ്പറ്റി കൃത്യമായ ധാരണയില്ലാതെ, ഏകദേശധാരണവെച്ച് പത്രക്കാർ ചിലപ്പോൾ എഴുതാറുണ്ട്. 'വിരോധാഭാസം' എന്ന പ്രയോഗത്തിന് 'വിരോധമില്ലാതെ വിരോധം തോന്നിക്കുക മാത്രം ചെയ്യുന്നത്' എന്നാണർത്ഥം. പലരും വിരോധമുള്ളത് എന്ന അർത്ഥത്തിൽ ആ പദം ഉപയോഗിക്കുന്നത് ഉദാഹരണം.

4) അതിവിസ്താരം – സാധാരണ വായനക്കാർക്ക് മനസ്സിലായില്ലെങ്കിലോ എന്നുവച്ച് അനാവശ്യമായി വസ്തുതകളും അഭിപ്രായങ്ങളും പത്രക്കാർ പലപ്പോഴും വിസ്തരിക്കാറുണ്ട്. 'എഴുതിനിറയ്ക്കുക' എന്നത് അവരുടെ പണിയുടെ ഭാഗമാണ്.

5) ആവർത്തനം – തലങ്ങും വിലങ്ങും കാര്യങ്ങൾ ആവർത്തിച്ചുപറയുന്ന രീതി പല പത്രക്കാർക്കുമുണ്ട്.

6) അക്ഷരത്തെറ്റ് – അറിവില്ലായ്മകൊണ്ടോ അച്ചുപിഴ പരിശോധിക്കുന്നതിലുള്ള പ്രാപ്തിക്കുറവുകൊണ്ടോ സമയക്കുറവുകൊണ്ടോ പത്രമാധ്യമങ്ങളിൽ അക്ഷരത്തെറ്റുകൾ ധാരാളം.

ഇതിനെയെല്ലാം ചേർത്ത് ആക്ഷേപസ്വരത്തിൽ സാധാരണ 'പത്രഭാഷ' എന്നു പറയുന്നു. 'പൈങ്കിളിഭാഷ,' 'ജീർണ്ണലിസം' തുടങ്ങിയ പരിഹാസങ്ങൾക്ക് വിധേയമാകുന്നതും ഈ ഗദ്യരീതിയാണ്.

ഇപ്പറഞ്ഞ കുറ്റങ്ങളും കുറവുകളും പല മാധ്യമക്കാരുടെയും ഗദ്യഭാഷയിൽ കണ്ടുവരുന്നതുതന്നെ. തർക്കമില്ല. മലയാളം വെടിപ്പാക്കാൻ വേണ്ടി നമ്മുടെ ഭാഷയിൽ എഴുതപ്പെട്ട പ്രധാന പുസ്തകമായ 'മലയാളശൈലി' (1940) – യിൽ കുട്ടികൃഷ്ണമാരാര് ചീത്ത മലയാളത്തിന് ഉദാഹരണം കണ്ടെടുത്തത് പത്രഭാഷയിൽനിന്നാണ് എന്നറിഞ്ഞാൽ മേല്പറഞ്ഞതിന്റെ ചുരുക്കമായി.

മേൽപറഞ്ഞ തെറ്റുകുറ്റങ്ങൾ പത്രക്കാർ മാത്രമേ വരുത്തുന്നുള്ളോ? ഭരണാധികാരികളും നേതാക്കന്മാരുമായ നമ്മുടെ രാഷ്ട്രീയക്കാർ പ്രസംഗിക്കുമ്പോഴും പ്രസ്താവന പുറപ്പെടുവിക്കുമ്പോഴും ശൈലീഭംഗവും ആവർത്തനവും അതിവിസ്താരവും ക്ലീഷേയും വ്യാകരണപ്പിഴകളും സാധാരണമല്ലേ? ഇവരുടെ പ്രസ്താവനകളും പ്രസംഗങ്ങളും കൈകാര്യം ചെയ്യുകയല്ലേ പത്രക്കാരുടെ പണി? നമ്മുടെ സാഹിത്യകാരന്മാരും സംസ്കാരികപ്രവർത്തകന്മാരും യുവജന - വിദ്യാർത്ഥിനേതാക്കളും പ്രസംഗിക്കുമ്പോഴും പ്രസ്താവന പുറപ്പെടുവിക്കുമ്പോഴും ഭാഷാശുദ്ധിയെപ്പറ്റി നിഷ്കർഷിക്കാറുണ്ടോ? അതും കൈകാര്യം ചെയ്യേണ്ടിവരുന്നത് മാധ്യമപ്രവർത്തകർതന്നെയല്ലേ? നമ്മുടെ സാധാരണലേഖകന്മാരുടെയും നിരൂപകന്മാരുടെയും ഗദ്യം കുറ്റമറ്റതാണോ? ലേഖനാരംഭത്തിൽ വിശദീകരിച്ചുപറഞ്ഞ കുഴപ്പങ്ങളിൽ പലതും സാധാരണലേഖകന്മാരുടെ ഗദ്യരീതിക്കും ബാധകമല്ലയോ?

ടെലിവിഷൻ ചാനലുകൾ വ്യാപകമായതോടെ അവതാരകരും റിപ്പോർട്ടർമാരുമായ യുവതീയുവാക്കൾ മലയാളത്തെ കൊല്ലാക്കൊല ചെയ്യുകയാണ് എന്ന വിമർശനം നാനാഭാഗത്തുനിന്നും കേൾക്കാൻ തുടങ്ങിയിരിക്കുന്നു. ആ വിമർശനങ്ങളുടെ പ്രധാനപ്പെട്ട അംശങ്ങൾ ഇതൊക്കെയാണ്.

1. ഉച്ചാരണം - അവതാരകരും റിപ്പോർട്ടർമാരും സ്ഫുടമായി ഉച്ചരിക്കുന്നില്ല. ക്ഷ, ഴ, ഫ തുടങ്ങി പലതും നേരാംവണ്ണം ഉച്ചരിക്കാൻ അറിഞ്ഞുകൂടാ.
2. വ്യാകരണം - ടി.വി.മലയാളത്തിന് പൊതുവെ വ്യാകരണശുദ്ധിയില്ല.
3. അപൂർണ്ണവാക്യങ്ങൾ - പലപ്പോഴും അർദ്ധവാക്യങ്ങളിലും മറ്റുമാണ് ടി.വി.ക്കാർ കാര്യം പറയുന്നത്.

ഈ കുറ്റപ്പെടുത്തലുകൾ പലതും സത്യമാണ്. ഇവിടെ നമ്മൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം: അച്ചടിമാധ്യമങ്ങളിൽ കാണുന്നതുപോലെ എഴുത്തുഭാഷ (വരമൊഴി) അല്ല; സംസാരഭാഷ (വരമൊഴി) ആണ് ടെലിവിഷൻ ഉപയോഗിക്കുന്നത്. നേര

ത്തെ എഴുതി തയ്യാറാക്കിയ പാഠം (ടെക്സ്റ്റ്) ഉപയോഗിക്കുന്ന സന്ദർഭങ്ങൾ ടെലിവിഷനിൽ കുറവാണ്. പകരം ഏതെങ്കിലും ജീവിതസാഹചര്യത്തിന് മുമ്പിൽനിന്നുകൊണ്ട് കാര്യം 'പറയുക'യാണ് അവർ ചെയ്യുന്നത്. അവിടെ എഴുത്തില്ല. പറച്ചിലേയുള്ളൂ. നമ്മളൊക്കെ ഏതെങ്കിലും സാഹചര്യത്തിൽനിന്നുകൊണ്ട് സംസാരിക്കുമ്പോൾ ഉള്ള അവസ്ഥതന്നെ അനുനിമിഷം ചലിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യജീവിതത്തെ മിന്നിമറയുന്ന വേഗതയോടെ വാമൊഴിയിൽ ചിത്രീകരിക്കുന്ന മാധ്യമമാണ് ടി. വി. അത് എവിടെയും രേഖപ്പെട്ട് കിടക്കുന്നില്ല. 'രേഖ'യല്ലാത്തതുകൊണ്ട് അതിന്ന് ഉണ്ടാക്കാൻ കഴിയുന്ന ഗുണത്തിനും ദോഷത്തിനും പരിമിതികളുണ്ട്.

ടി.വി.യിൽ മലയാളമുപയോഗിക്കുന്നത് അവതാരകരും റിപ്പോർട്ടർമാരും മാത്രമല്ല. രാഷ്ട്രീയനേതാക്കന്മാരും ഉദ്യോഗസ്ഥന്മാരും നടീനടന്മാരും തൊഴിലാളികളും എഴുത്തുകാരും കച്ചവടക്കാരും വീട്ടമ്മമാരും എല്ലാം സ്ക്രീനിൽ പ്രത്യക്ഷപ്പെട്ട് വർത്തമാനം പറയുന്നുണ്ട്. മലയാളം ഉപയോഗിക്കുന്നുണ്ട്. താരതമ്യപ്പെടുത്തിയാൽ കൂടുതൽനേരം സംസാരിക്കുന്നത് ഈ കൂട്ടരാവും. ഇവരുടെ മലയാളത്തിന്റെ സ്ഥിതിയെന്താണ്? ഉച്ചാരണവൈകല്യങ്ങളും വ്യാകരണപ്പിഴകളും ഇല്ലാത്ത ഭാഷയാണോ ഇവരൊക്കെ സംസാരിക്കുന്നത്?

ചോദ്യത്തിന്നുള്ള മറുപടിയായും സംഭവത്തോടുള്ള പ്രതികരണമായും കാര്യത്തെപ്പറ്റിയുള്ള പ്രസ്താവനയായും ടി.വി. ക്യാമറയുടെ മുമ്പിൽനിന്ന് സംസാരിക്കുന്ന പലരും മലയാള വ്യാകരണഘടന ഉപയോഗിച്ച് ഇംഗ്ലീഷ് പറയുന്നവരാണ്. ഉദാഹരണം "നിങ്ങളുടെ ഈ കൊസ്റ്റ്യനോടുള്ള റിയാക്ഷൻ അത്ര ഈസിയല്ല. ഈ പ്രോബ്ലത്തിന്റെ പല സൈഡ്സ് എക്സാമിൻ ചെയ്തശേഷമേ എനിക്ക് ഒരു കൺക്ലൂഷനിൽ എത്താൻ പറ്റൂ. ഞാൻ സബ്ജക്ട് സ്റ്റഡിചെയ്തുകൊണ്ടിരിക്കുകയാണ്. അതിനുമുൻപ് എന്തെങ്കിലും ആൻസർ പറഞ്ഞ് കൺഫ്യൂഷൻ ക്രിയേറ്റ് ചെയ്യാൻ ഉള്ള ഇന്റൻഷൻ എനിക്കില്ല" - ഇതൊരു സാങ്കല്പികവാക്യമാണ്.

പക്ഷേ 'റിയാക്റ്റ്' ചെയ്യുന്ന ഏത് മാന്യനും പറയാവുന്ന വാക്യം. സാധാരണക്കാർക്ക് ഒന്നും മനസ്സിലാവാത്ത, ഇത്രയും വഷളായ മലയാളം ടി. വി.യിലെ അവതാരകരോ റിപ്പോർട്ടർമാരോ ഉപയോഗിക്കുമോ?

കുട്ടികൃഷ്ണമാരാര്, ഡോ. കെ. ഭാസ്കരൻനായർ, എം. പി. പോൾ, സി. ജെ. തോമസ്, എസ്. ഗുപ്തൻനായർ മുതലായവരുടെ ഗദ്യത്തിൽ കണ്ടിരുന്ന മട്ടിലുള്ള പദനിഷ്ഠയും ആർജ്ജവവും വ്യാകരണശ്രദ്ധയും ഇന്ന് എത്ര ഗദ്യസാഹിത്യകാരന്മാരുടെ എഴുത്തിൽ കാണാൻ കഴിയും? പത്രകാരന്മാർ അനുഭവിക്കുന്ന സമയത്തിന്റെ തിക്കും മുട്ടും ഇല്ലാത്തവരാണ് ഈ സാഹിത്യകാരന്മാർ. എന്നിട്ടും എന്താണിങ്ങനെ?

1970–കളുടെ ആരംഭത്തോടെ മലയാളസാഹിത്യത്തിൽ ആധുനികത വന്നെത്തി. കഥ, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യരൂപങ്ങളുടെ ശൈലിക്ക് അമ്പരപ്പിക്കുന്ന മാറ്റം വന്നുചേർന്നു. നോവലിൽ ഒ. വി. വിജയനും ചെറുകഥയിൽ മാധവിക്കുട്ടിയും കവിതയിൽ ആറ്റൂരും ഭാഷയ്ക്ക് നൽകിയ പുതുമ ആലോചിച്ചു നോക്കുക. ഈ സ്ഥാനത്ത് നിരൂപണലേഖനങ്ങളിലെ ഗദ്യം ദുർബ്ബലമാവുകയാണുണ്ടായത്. മാരാരുടെ തീർച്ചയും മൂർച്ചയുമുള്ള ഗദ്യത്തിൽനിന്ന് ആധുനികതാകാലത്തെ നിരൂപകന്മാരുടെ ചുണകെട്ട ഗദ്യത്തിലേക്ക് നിരൂപണം വഴിമാറി.

ഗദ്യമെഴുതുന്ന നോവൽകാരന്നും കഥാകാരന്നും വികാരവിചാരങ്ങൾ ആവിഷ്കരിക്കുവാൻ കഥയുടെയും കഥാപാത്രങ്ങളുടെയും സംഭാഷണത്തിന്റെയും സഹായമുണ്ട്. ഗദ്യമെഴുതുന്ന നിരൂപകന്നാവട്ടെ, തന്റെ വികാരവിചാരങ്ങൾ ആവിഷ്കരിക്കുവാൻ ഗദ്യം മാത്രമേയുള്ളു. ഭാഷാഗദ്യത്തെ നിലനിർത്തുന്നതും വളർത്തുന്നതും തളർത്തുന്നതുമെല്ലാം പ്രധാനമായും നിരൂപകന്മാരാണ്; അല്ലാതെ പത്രക്കാരല്ല. ആധുനികതാകാലത്തെ മലയാളഗദ്യം, മുണ്ടശ്ശേരിയും മാരാ രും സൃഷ്ടിച്ച നിരൂപണപാരായണക്കാരെ മടുപ്പിച്ചതിലൂടെ, നിരൂപണത്തിന്റെ ജനകീയസ്വഭാവം നഷ്ടപ്പെടുത്തി. 1990 – ഓടെ മൂത്തുവന്ന ഉത്തരാധുനികതാകാലത്തിന്റെ

നിരൂപണഗദ്യം ശരിക്കും ജനങ്ങളെ പോരിനു വിളിക്കുന്നതാണ്. സിദ്ധാന്തങ്ങളും നാട്യങ്ങളും കൊണ്ടു കലുഷവും സങ്കീർണ്ണവുമായിത്തീർന്ന ഈ ഗദ്യത്തിൽ വാക്യഘടനകളിലും സാങ്കേതിക പദങ്ങളിലും ഇംഗ്ലീഷിന്റെ ദുരാധിപത്യമാണ് പുലരുന്നത്. ഈ നിരൂപകന്മാരെ അനുകരിക്കുന്ന പത്രക്കാരുണ്ട്; ലേഖകന്മാരുണ്ട്. അവരുടെ ലേഖനങ്ങൾക്ക് ഇല്ലാ ത്ത കനം ഉണ്ടെന്ന് ഈ ഭാഷാസങ്കീർണ്ണത കാരണം ചിലർ തെറ്റിദ്ധരിക്കുകയും ചെയ്യുന്നു! മലയാളനിരൂപണം ഗദ്യത്തോട് കാണിച്ച അക്രമവുമായി താരതമ്യപ്പെടുത്തിയാൽ മാധ്യമപ്രവർത്തകർ കാണിക്കുന്ന അശ്രദ്ധ താരതമ്യേന ലഘുവാണ്. വായനക്കാരെ കല്ലെറിഞ്ഞോടിക്കുന്ന പണിയെടുക്കുന്നത് പത്രക്കാരല്ല; പുതിയ കാലത്തെ നിരൂപകരാണ്. എന്തൊക്കെ പോരായ്മകൾ ഉണ്ടെങ്കിലും പത്രക്കാരെഴുതുന്നത് വായിച്ചാൽ മനസ്സിലാകാത്ത സ്ഥിതി ഇപ്പോഴും ഇവിടെ ഇല്ല. ഭാഷ അടിസ്ഥാനപരമായി ആശയസംവേദനത്തിന് ഉള്ളതാണ്. ഇന്നത്തെ നിരൂപണത്തിൽ അതു നടക്കുന്നുണ്ടോ?

ചുരുക്കം: ഭാഷ ചീത്തയാക്കുന്ന പണി മാധ്യമക്കാർ മാത്രമല്ല, മറ്റുള്ളവരും എടുക്കുന്നുണ്ട്. ഇക്കാര്യത്തിൽ മാധ്യമക്കാരുടെ പങ്ക് മാത്രം പെരുപ്പിച്ചു കാണുന്നത് ന്യായമല്ല. അവരെ ചീത്തപറയാനെളുപ്പമുണ്ട് എന്നതു ശരി, എല്ലാ ഭാഗത്തുനിന്നുമുള്ള ശ്രദ്ധകൊണ്ടേ ഈ രംഗം വൃത്തിയാക്കാൻ കഴിയൂ. അതിനാദ്യം വേണ്ടത് ഓരോ കൂട്ടരും അവരുടെ വീഴ്ചകൾ കണ്ടെത്തുകയാണ്; അല്ലാതെ മറ്റുള്ളവരുടെ വീഴ്ചകൾ കണ്ടെത്തുകയല്ല. ആത്മവിമർശനമാണ് ഏതു മേഖലയിലും ആദ്യം വേണ്ടത്. ഭാഷ ചീത്തയാകുന്നു എന്നതിനർത്ഥം സാമൂഹ്യജീവിതം ചീത്തയാകുന്നു എന്നുതന്നെയാണ്. നമ്മുടെ ജീർണ്ണതകളാണ് നമ്മുടെ ഭാഷയിൽ, കണ്ണാടിയിലെന്നപോലെ, പ്രതിഫലിച്ചു കാണുന്നത്. അതുകൊണ്ടുതന്നെ ഭാഷ വെടിപ്പാക്കാനുള്ള ഏത് പ്രയത്നവും സാമൂഹ്യജീവിതം വെടിപ്പാക്കാനുള്ള രാഷ്ട്രീയപ്രവർത്തനമാണ്.

*(മാതൃഭൂമി ബുക്സ് ജേർണൽ പ്രസിദ്ധീകരിച്ച ലേഖനം, ജൂലായ് ആഗസ്റ്റ് 2007.)*

✦✦✦

# തർജുമയിൽ വരാവുന്ന അപാകതകൾ

**വിഷ്ണുനാരായണൻ നമ്പൂതിരി**

"ദേവന്മാർ ഇക്കാണായ രൂപങ്ങളെല്ലാം ചമച്ചു; അവയ്ക്കെല്ലാം പേരുകൾ കണ്ടെത്തേണ്ടത് നമ്മളാണ്" എന്ന് വൈദികകവി പറയുന്നു. ഒരർത്ഥത്തിൽ തർജുമയ്ക്കൊരുമ്പെടുന്നവന്റെ ദുഃഖം ഇതു തന്നെയാണ്. മറ്റൊരാൾ സൃഷ്ടിച്ചു വച്ചിട്ടുള്ള ആശയപ്രപഞ്ചം ഒരംശത്തിലും ഗൗരവം ചോർന്നുപോകാതെ അതിന്നാകപ്പാടെ തന്റെ ഭാഷയിൽ വാക്കുകൾ കണ്ടെത്തി പുനരാവിഷ്ക്കരിക്കുകയാണ് തർജുമക്കാരന് ചെയ്യാനുള്ളത്. സ്വതന്ത്രമായ രചനയിൽ സ്വാതന്ത്ര്യത്തിന്റെ സുഖമെങ്കിലും ഉണ്ട്. ഇവിടെ മൂലഗ്രന്ഥകാരന്റെ ആശയസീമയിൽ ഒതുങ്ങി നിന്നുകൊണ്ട് സ്വന്തം പ്രതിഭാവ്യാപാരത്തെ നിയന്ത്രിച്ചു പ്രവർത്തിപ്പിക്കുക എന്ന ക്ലേശം തർജുമക്കാരൻ സഹിച്ചേ തീരു.

സാഹിത്യം, ചരിത്രം തുടങ്ങിയ മാനവികവിഷയങ്ങളിലെപ്പോലെ ശാസ്ത്രവിഷയങ്ങളിൽ തർജുമ ക്ലേശകരമല്ലെന്ന് പൊതുവെ ഒരു ധാരണയുണ്ട്. ഇതത്ര ശരിയല്ല. വീക്ഷണവികാരാദി ആത്മാംശങ്ങളുടെ പ്രശ്നം ശാസ്ത്രതർജുമയിൽ ഇല്ല. തൂക്കവും അളവും കൂടുകയോ കുറയുകയോ ചെയ്യാതെ നിഷ്കൃഷ്ടമായി കൃത്യതയോടെ വിവർത്തനം സാധിക്കുക അത്ര എളുപ്പമല്ലെന്ന് ആ രംഗവുമായി പരിചയപ്പെട്ടവർക്ക് അറിയാം. ഇതിൽ പരാജയം വരുന്നതുകൊണ്ടാണ് നമ്മുടെ പല ശാസ്ത്രഗ്രന്ഥവിവർത്തനങ്ങളും മൂലത്തേക്കാൾ ദുർഘടമായി വായനക്കാർക്കു തോന്നുന്നത്.

ഒരു മാതൃകാവിവർത്തനത്തിന് ചുരുങ്ങിയത് താഴെപ്പറയുന്ന ഗുണങ്ങൾ ഉണ്ടായിരിക്കണം:

1. സാരള്യം (Simplicity)
2. കൃത്യത (Exactness)
3. വിവർത്തനഭാഷയുടെ ജീനിയസുമായി ഇണക്കം

ശാസ്ത്രഗ്രന്ഥവിവർത്തനത്തിൽ ഇവയ്ക്ക് പ്രത്യേകം പ്രാധാന്യമുണ്ട്. കാരണം, ഇവിടെ വായനക്കാരന്റെ ശ്രദ്ധ ഭാഷാ ഗ്രന്ഥികളിൽ ലവലേശം കുടുങ്ങിപ്പോകരുത്. ഭാഷ ഒരു ഉപകരണം മാത്രം. ആശയഗ്രഹണങ്ങളിൽ അത് തടസ്സമാകാൻ പാടില്ല. ഗൗരവപ്പെട്ട തത്ത്വങ്ങളും വസ്തുതകളും ചർച്ച ചെയ്യുമ്പോൾ ഭാഷ എത്ര സരളമാകുമോ അത്രയും നന്ന്. നീണ്ട സമസ്തപദങ്ങളും മഹാവാക്യങ്ങളും കോമ - ഹൈഫൻ- ബ്രാക്കറ്റുകൾ കൊണ്ടുള്ള ചിഹനക്കസർത്തുകളും ഒഴിവാക്കി ചെറിയ ചെറിയ ചൂർണികകൾ കൊണ്ട് വിഷയപ്രതിപാദനം നിർവഹിക്കണം. ഇതിന്റെ അർഥം സംസ്കൃതപദപ്രയോഗം വർജിക്കണം എന്നല്ല. വിശേഷിച്ച് 'കൃത്യത' പാലിക്കാൻ പലപ്പോഴും നമുക്ക് സംസ്കൃതപദങ്ങളെ ആശ്രയിക്കുക തന്നെ വേണ്ടിവരും. അത്തരം വാക്കുകൾ സ്വീകരിക്കുമ്പോൾ കഴിയുന്നത്ര അംഗീകൃത സാങ്കേതികപദങ്ങൾ തിരഞ്ഞെടുക്കുകയാണ് നല്ലത്. പുതുതായി ഒരു വാക്ക് വേണ്ടിവരുമ്പോൾ അന്താരാഷ്ട്രീയ പദം പോരേ എന്ന് ഒരുവട്ടം ആലോചിക്കുന്നത് കൊള്ളാം. സ്വന്തമായി പദം സൃഷ്ടിച്ചെടുത്തുപയോഗിക്കുന്ന പക്ഷം ഗ്രന്ഥത്തിലുടനീളം അതുതന്നെ പ്രയോഗിക്കയും ഗ്രന്ഥാവസാനം അത്തരം വാക്കുകളെ ചേർത്ത് പദസൂചി (ഇൻഡക്സ്) തയ്യാറാക്കിച്ചേർക്കുകയും വേണം, ഇപ്രകാരം കഴിയുന്നത്ര നാടൻമൊഴിയും സംഭാഷണപ്രസിദ്ധമായ സാങ്കേതികപദങ്ങളും മാത്രം ഉപയോഗിച്ച് വിവർത്തനം നിഷ്കർഷിച്ച് നിർവഹിച്ചാൽ പോലും ചിലപ്പോൾ പുസ്തകരൂപത്തിൽ വരുമ്പോൾ സാധനം മലയാളമാണെന്നു തോന്നുകയില്ല. ഭാഷയുടെ ജീനിയസ്- മലയാളത്തിന്റെ മണവും സ്വാദും - അതിൽ കണ്ടെന്നു വരില്ല. ഇതിന് ഗ്രന്ഥം ആമൂലാഗ്രാം തിരുത്തിയെഴുതി ചെത്തി മിനുക്കേണ്ടിവ

രും. വിദഗ്ധനായ ഒരു എഡിറ്റർ കൂടി ആയിരിക്കണം വിവർത്ത കൻ. വാചകത്തിൽനിന്ന് വാചകത്തിലേക്കും, ഖണ്ഡികയിൽനിന്ന് ഖണ്ഡികയിലേക്കും അധ്യായത്തിൽനിന്ന് അധ്യായത്തിലേക്കും ചിന്തയുടെ ഒരു തുടർച്ച-ക്രമമായൊരു വളർച്ച ഉണ്ടായിരിക്കണം. താളുകളെ ചരടുകൊണ്ടു കുത്തിക്കെട്ടുന്നപോലെ, വിവരങ്ങളെയും ചർച്ചകളെയും യുക്തിയുടെ സൂക്ഷ്മസൂത്രംകൊണ്ട് ബന്ധിപ്പിച്ചു നിർത്തണം. എങ്കിലേ പുസ്തകം തന്റെ ഭാഷയിലുള്ള കൃതിയെന്ന നിലയ്ക്ക് വായനക്കാരനോട് സംവാദം ചെയ്യൂ.

പലപ്പോഴും ഈ വിഷയത്തിൽ പ്രതിബന്ധമായി നിൽക്കു ന്നത് വിവർത്തകന്റെ വാഗാടോപം ആണെന്ന് എന്റെ അനുഭവം. താൻ ഒരു സാഹിത്യകാരനല്ല എന്ന അപകർഷബോധം കൊണ്ടോ എന്തോ, പലപ്പോഴും നമ്മുടെ സാധാരണ വിവർത്തകൻ ശാസ്ത്രം തർജുമ ചെയ്യുന്നത് കവിതാമയമായ ശൈലിയിലാണ്. മനഃപൂർവം "സാഹിത്യം" കുത്തിനിറക്കാനുള്ള ഈ ശ്രമത്തിൽ സാഹിത്യ ത്തിന് ഒരു നേട്ടവും ഇല്ലെന്നതോ പോകട്ടെ, ശാസ്ത്രീയ ചിന്ത ആകെ ചോർന്നുപോകുകയാണു പതിവ്. വിശദമായ ചിന്തയ്ക്കും സ്പഷ്ടമായ അവധാരണത്തിനും വിലങ്ങുതടിയായി, എടുത്താൽ പൊന്താത്ത പിണ്ഡിവാചകങ്ങൾ നിരന്നു നിന്നാൽ വിവർത്തനം ആരു വായിക്കും?

"ദേഹം ശൽക്കങ്ങളാൽ ഖചിതമായ നീർനായകൾ മത്സ്യ ബന്ധനത്തിൽ വ്യാപൃതരാകുന്നു."

"രോഗകാരണമായ ചില ഉപകഥാപാത്രങ്ങളെ നമുക്കിവിടെ കുറ്റപ്പെടുത്താതെ വയ്യ എന്ന് എടുത്തോതട്ടെ."

"ശരീരകലകളിൽ പടരുന്ന മ്ലാനത ഇത്തവ്വിൽ എടുത്തു നിൽക്കും."

മേൽക്കാണിച്ച തരം വാചകങ്ങൾ തർജുമയിൽ പാടേ വർജി ക്കണം. കാരണം, അവ മൂലഗ്രന്ഥത്തിന്റെ സാരം നമുക്കു പകർന്നു തരാൻ സമർഥമാകുന്നില്ല. "വേഷത്തിലെന്നപോലെ ഭാഷയിലും ആർഭാടം പൊള്ളത്തത്തിന്റെ ലക്ഷ്ണമത്രേ" എന്ന് പ്രൊഫ. എം.

പി. പോൾ ഒരിടത്ത് ഉപദേശിക്കുന്നത് എല്ലാ വിവർത്തകന്മാരും ഓർത്തിരിക്കുന്നതു കൊള്ളാം.

ആകയാൽ, വിവർത്തകന് ഒന്നാമതായി വേണ്ട യോഗ്യത ആത്മാർഥതയാകുന്നു. തന്റേതായ പ്രകടനവ്യഗ്രതകളെ കടിഞ്ഞാണിട്ടു നിർത്തുകയും മൂലഗ്രന്ഥകാരൻ ഉദ്ദേശിച്ചതെന്തോ അതു മാത്രം ഏറാതെയും കുറയാതെയും ഭാഷാന്തരം ചെയ്യുകയും ആണ് അയാളുടെ കടമ. ഇക്കാര്യത്തിൽ പൂർണമായ വിശ്വാസ്യതയും ഉത്തരവാദിത്വവും വിവർത്തകന് ഉണ്ടായേ തീരൂ.

വിവർത്തകന്റെ പാണ്ഡിത്യത്തെക്കുറിച്ചു പറയുന്നത് രണ്ടാമതാകട്ടെ എന്നു വച്ചത്, വളരെയധികം ഉപാധികൾ അതോടു ചേർത്തു പറയാനുണ്ട് എന്നതിനാലാണ്. എന്താണ് പാണ്ഡിത്യം? പല തലത്തിൽ അതെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. വിഷയബോധം, മൂലഭാഷാപരിചയം, സ്വഭാഷാപദബോധം, സ്വഭാഷാശൈലി പരിചയം ഇങ്ങനെ വിവർത്തകന്റെ പാണ്ഡിത്യത്തിന് പല മുഖങ്ങൾ ഉണ്ട്, ഉണ്ടാവണം.

വിഷയബോധം എന്നതു കൊണ്ടുദ്ദേശിക്കുന്നത് ഏതു വിഷയത്തിൽപ്പെട്ട ഗ്രന്ഥം വിവർത്തനം ചെയ്യുന്നുവോ ആ വിഷയത്തിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ അറിവാണ്. പൂർണമായ അറിവ് വിവർത്തകന് ഉണ്ടാവണമെന്നില്ല. ദിനംപ്രതി വികസിച്ചുവരുന്ന ആധുനിക ശാസ്ത്രശാഖകളിൽ എല്ലാം പൂർണമായ അറിവുണ്ടായിരിക്കുക പലപ്പോഴും സാധ്യമല്ല. എന്നാൽ കെമിസ്ട്രിയിലെ ഒരു ഗ്രന്ഥം തർജുമ ചെയ്യുന്ന ഒരാൾക്ക് രാസവികാരം, മൂലകങ്ങൾ, അണുപ്രവർത്തനം, രാസസങ്കേതങ്ങൾ തുടങ്ങിയ മൗലിക കാര്യങ്ങളിൽ ഉറച്ച അറിവ് ഉണ്ടായിരിക്കണം. മൂലത്തിലെ വാക്കുകൾക്ക് തർജുമയിൽ അർഥഭേദമോ അർഥലോപമോ ഉണ്ടാകുമ്പോൾ വിവർത്തകന്റെ വിഷയബോധം വേണം രക്ഷയ്ക്കെത്താൻ, മറിച്ചായാൽ എങ്ങനെയിരിക്കും എന്നതിന് ഒരു ഉദാഹരണം:

Several experiments have been conducted to study the nature of gravitons, resistance offered to high speed particles by the medium. etc.

അതിവേഗകണങ്ങൾക്കെതിരെ പ്രതിരോധം നൽകുന്ന ഗ്രാവിറ്റോണുകളെക്കുറിച്ചും മറ്റും ധാരാളം പഠനങ്ങൽ നടന്നിട്ടുണ്ട്.

ഇവിടെ, കണങ്ങൾക്കുള്ളത് വൈദ്യുത ചാർജാണെന്നും ഗ്രാവിറ്റോണുകൾക്കുള്ളത് മറ്റൊരു ശക്തിവിശേഷമാണെന്നും അവ തമ്മിൽ പ്രതിരോധത്തിന്റെ പ്രശ്നമേ ഇല്ലെന്നും ഉള്ള കാര്യം വിവർത്തകൻ വിസ്മരിച്ചിരിക്കുന്നു. ഫലമോ? വികലമായ ശാസ്ത്ര ബോധമാണ് തർജുമയിൽ നിന്ന് വായനക്കാരനു കിട്ടുന്നത്. കുറ്റം, പാവം മൂലഗ്രന്ഥകാരനും! വിവർത്തനം ചെയ്തുകഴിഞ്ഞാൽ സ്വന്തം ഔചിത്യത്തിന്റെ ചിന്തേരിട്ട് ഗ്രന്ഥമാകെ ചെത്തിമിനുക്കി യെടുക്കാനുള്ള വിഷയബോധവും യുക്തിവിചാരശീലവും വിവർ ത്തകന് ഉണ്ടായിരിക്കണം എന്നു സാരം.

വിവർത്തകന് മൂലഭാഷയിൽ പരിചയം വേണമെന്നു പറയു മ്പോൾ, മൂലഗ്രന്ഥകാരന്റെ ഉദ്ദിഷ്ടം അതിന്റെ ശരിയായ തൂക്ക ത്തിലും അളവിലും ഉൾക്കൊള്ളാൻ വിവർത്തകനു സാധിക്കണം എന്നേ വിവക്ഷയുള്ളൂ. Now the body reaches absolute zero എന്നു കണ്ടിട്ട് "ഇപ്പോൾ വസ്തു പരമശൂന്യമാകുന്നു" എന്ന് ഒരാൾ തർജുമ ചെയ്യുകയുണ്ടായി. ഇവിടെ 'zero' എന്നതു കൊണ്ട് മൂല ഭാഷയിൽ സൂചിപ്പിച്ചതെന്താണെന്ന് ഗ്രഹിക്കാൻ വിവർത്തകനു സാധിച്ചില്ല. കൂടുതൽ അപകടം വരുത്തിവയ്ക്കാതിരിക്കാൻ ശാസ്ത്രബോധം തുണയ്ക്കെത്തിയതുമില്ല. Barks on the seashore എന്നതിന് "കുരയ്ക്കുന്ന കടൽത്തീരം" എന്നും Privations of soldiers എന്നതിന് "സൈനികരുടെ ഏകാന്തതാബോധം"എന്നും തർജുമ കണ്ടെത്തുന്നതിന് കാരണം വികലമായ മൂലഭാഷാപരി ചയം തന്നെ. Barksനെ(കപ്പൽ) മരക്കലം എന്നും Privations നെ കഷ്ടനഷ്ടങ്ങൾ എന്നും ഭാഷാന്തരം ചെയ്താൽ എത്ര നന്നായേ നെ.

ഒരുവേള, വിവർത്തകന്റെ പാണ്ഡിത്യത്തിലെ ഏറ്റവും മുഖ്യ മായ ഘടകം സ്വന്തം ഭാഷയിലെ വാക്കുകളെക്കുറിച്ചുള്ള ബോധ മാണ്. നിഘണ്ടുവിൽ കൊടുത്തിട്ടുള്ള അർഥം മാത്രം വച്ച് ഒരി ക്കലും തർജുമയ്ക്കു പുറപ്പെടരുത്. ഓരോ സന്ദർഭത്തിൽ വാക്കു

കൾക്കുണ്ടാകുന്ന അർഥഭാവഭേദങ്ങൾ വിവർത്തകൻ അറിഞ്ഞിരിക്കണം. സാങ്കേതികപദങ്ങളെ സംബന്ധിച്ചിടത്തോളം ഒരളവുവരെ ശബ്ദകോശങ്ങളെ ശരണം പ്രാപിക്കാം. എന്നാൽ അവിടെയും അർഥഭേദത്തിൽ കണ്ണുള്ളവനായിരിക്കണം വിവർത്തകൻ. ഉദാഹരണത്തിന് abnormal എന്നതിന് "അധോലംബം" എന്ന് തർജുമ ഗണിതശാസ്ത്രത്തിൽ ശരിയാണ്. എന്നാൽ abnormal temperature എന്നതിന് അധോലംബമായ പനി എന്ന് തർജുമ ചെയ്താലോ? കുഴപ്പമായി. differentiate എന്നതിന് ഗണിതശാസ്ത്രത്തിലുള്ള പ്രത്യേകാർഥത്തിൽ അവകലിക്കുക എന്നു തർജുമ കൊടുക്കാം. പക്ഷേ ജന്തുശാസ്ത്രത്തിൽ " പലതരം മൃഗങ്ങളെ അവകലിക്കാനുള്ള ലക്ഷണങ്ങൾ" എന്ന് പ്രയോഗിക്കുന്നത് ക്ഷന്തവ്യമല്ല. അവിടെ വേർതിരിച്ചറിയുക എന്ന ക്രിയയും വ്യാവർത്തനം എന്ന നാമവും ഒക്കെത്തന്നെയാണ് സ്വീകാര്യം. standard, unit, force, function, ojevtives തുടങ്ങിയ സാങ്കേതിക സംജ്ഞകൾക്ക് ഭിന്നഭിന്നശാസ്ത്രശാഖകളിൽ ഭിന്നഭിന്ന വിവർത്തനങ്ങൾ വേണ്ടിവരും. അവയെല്ലാം വിവർത്തകൻ വേർതിച്ചറിഞ്ഞിരിക്കണം.

ശബ്ദങ്ങളുടെ സാങ്കേതികമായ അർഥവ്യാപ്തി മാത്രം പോരാ, സാധാരണ വ്യവഹാരത്തിലുള്ള അർഥവും അറിവുമുണ്ടെങ്കിലേ വിവർത്തകന്റെ പദബോധം ഫലവത്താകൂ. ഒരു ചെടി wild area യിൽ വളരുന്നു എന്നതിന് "ഇത് പുറമ്പോക്കിൽ വളരുന്നു" എന്നു തർജുമ ചെയ്താൽ കഥയെന്താകും? വെളിംപ്രദേശം എന്നോ കാട്ടുപ്രദേശം എന്നോ പറഞ്ഞാൽ കുഴപ്പം കൂടാതെ കഴിക്കാം. Inflammation is visible എന്നതിനെ "ആമാശയത്തിൽ വീക്കം ദർശനീയമാണ്" എന്ന് തർജുമ ചെയ്തത് ഞാൻ ഒരിക്കൽ കണ്ടു. ദർശനീയം എന്ന വാക്കും അവിടെ എത്ര പരിഹാസദ്യോതകമായി! "വീക്കം കാണാം" എന്നു പറഞ്ഞാൽ പോരേ? "കരളിൽ സ്നേഹാംശം ഏറുന്നത് രോഗകാരണമാണ്" എന്നു പറയുമ്പോൾ പ്രകരണം ശാസ്ത്രമോ കവിതയോ ദർശനമോ എന്ന് വായനക്കാരൻ കുഴങ്ങും. "കൊഴുപ്പ്" എന്ന നാടൻ വാക്കുപയോഗിച്ചാൽ തർജുമ ഫലപ്രദമാകുമായിരുന്നു.

സ്വഭാഷയിലെ പദഘടനയെയും അർഥവ്യഞ്ജനങ്ങളെയും ശൈലിയെയും കുറിച്ച് നിശ്ചിതമായ ബോധം ഇല്ലാത്ത പക്ഷം വിവർത്തനം പലപ്പോഴും വിപരീതഫലമാകും ചെയ്യുക. വാക്കിനു വാക്ക് നിരത്തിയുള്ള തർജുമ അപകടത്തിൽ ചെന്നു ചാടുമെന്നതിന് ചില ദൃഷ്ടാന്തങ്ങൾ താഴെ കൊടുക്കുന്നു; ബ്രാക്കറ്റിൽ തിരുത്താനുള്ള സൂചനകളും.

1. കീടത്തിന്റെ എണ്ണമനുസരിച്ച് മരുന്നു വീതിക്കണം (കൂട്ടിയോ കുറച്ചോ മരുന്നു തളിക്കണം - may be distributed).
2. ഹെർമൻ ആയിരം പശുക്കളിൽ ബീജധാരണം നടത്തി പരീക്ഷിച്ചിട്ട് ഇങ്ങനെ അഭിപ്രായപ്പെടുന്നു (.......പരീക്ഷിച്ചിട്ട് ഹെർമൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു).
3. ജീവജാലങ്ങൾ കിണറ്റിൽ വളരുന്നത് നിരോധിക്കണം (തടയണം- prevent).
4. വയറ്റിൽ വിദേശവസ്തുക്കളുണ്ടോ എന്ന് പരിശോധിക്കണം (foreign body - അന്യപദാർഥം).
5. ഈ സന്ദർഭത്തിൽ ഒരു പ്രത്യേകത കുറിക്കണം. (A speciality may be noted here-ഇവിടെ ഒരു പ്രത്യേകത ശ്രദ്ധിക്കാറുണ്ട്).
6. ആഘാതനത്തിനാൽ ആരോഗ്യസ്ഥിതിയിൽ വക്ഷസ്ഥലത്തു നിന്നു ലഭിക്കേണ്ടതായിട്ടുള്ള ശബ്ദവിശേഷങ്ങൾ താഴെപ്പറയും പ്രകാരമാണ് (ആരോഗ്യമുള്ളപ്പോൾ നെഞ്ചത്തു മുട്ടി നോക്കി പരിശോധിച്ചാൽ താഴെപ്പറയും വിധമുള്ള ശബ്ദങ്ങൾ കേൾക്കാം).
7. അദ്ദേഹം കൃത്രിമരോഗാണുക്കൾ ഉളവാക്കിയതോടെ മരിച്ചുപോയി (അദ്ദേഹം സൃഷ്ടിച്ച കൃത്രിമരോഗാണുക്കളെല്ലാം വേഗം ചത്തുപോയി).
8. രോഗം പിടിച്ചു പരിചയമില്ലാത്ത പശുക്കളെ സർവാത്മനാ ശ്രദ്ധിക്കണം (മുമ്പു രോഗം പിടിപെടാത്ത പശുക്കളെ ചികിത്സിക്കുമ്പോൾ വളരെ ശ്രദ്ധിക്കണം).

9. ഈ ജന്തുവർഗത്തിന് ദക്ഷിണേന്ത്യയിൽ പ്രാതിനിധ്യം ഇല്ല (ദക്ഷിണേന്ത്യയിൽ ഇവ ഇല്ല-Not represented).

10. അധരഭാഗത്ത് നിറയെ രോമമുണ്ട് (കീഴ്ഭാഗത്ത്).

മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ നിന്ന് ഒന്നു വ്യക്തമാകും: ഇംഗ്ലീഷിലെ ശൈലി അതേപടി മലയാളത്തിൽ ആക്കുന്നത് അരോചകമാണ്. ഇംഗ്ലീഷിലെ ആശയം വേണ്ടിടത്ത് വേണ്ടത്ര ഊന്നൽ കൊടുത്ത് തുല്യാങ്കമായ മലയാള വാചകങ്ങളിൽ പകരുകയാണ് വിവർത്തകന്റെ ധർമം. വ്യാകരണപരമായ സത്യസന്ധതയാവരുത് ഉന്നം എന്നർഥം.

ഇത് അൽപം കൂടി വിശദീകരിക്കാം. Electric current flows from a higher potential to a lower potential just as water flows a higher level to a lower one എന്ന വാചകം തർജുമ ചെയ്യണമെന്നു വയ്ക്കുക. "വൈദ്യുതപ്രവാഹം ഉയർന്ന ഒരു പൊട്ടൻഷ്യലിൽ നിന്ന് താഴ്ന്ന പൊട്ടൻഷ്യലിലേക്ക് ഒഴുകുന്നു; ജലം ഉയർന്നവിതാനത്തിൽ നിന്ന് താഴ്ന്ന ഒന്നിലേക്ക് എന്ന പോലെ തന്നെ" എന്നത് വ്യാകരണപരമായ തർജുമയാകുന്നു. ഇതിലും നന്നായി ഇതു ചെയ്തു കൂടേ? "വെള്ളം ഉയർന്ന നിലയിൽ നിന്ന് താഴ്ന്ന നിലയിലേക്ക് ഒഴുകുമല്ലോ. അതുപോലെ വൈദ്യുതി ഉയർന്ന പൊട്ടൻഷ്യലിൽ നിന്ന് താഴ്ന്ന പൊട്ടൻഷ്യലിലേക്ക് പ്രവഹിക്കുന്നു" എന്ന് പിരിച്ചെഴുതിയാൽ സംഗതി വിശദമായി. കുറെക്കൂടി സങ്കീർണമായൊരു വാക്യം തർജുമ ചെയ്ത് ഇങ്ങനെ ഒരാളെഴുതി കണ്ടു: "ശിശ്നമണിയുടെയും ശിശ്നമണി ചർമത്തിന്റെയും വീക്കം കൊണ്ടുണ്ടാകുന്ന വേദനകൊണ്ടും ചർമസുഷിരത്തിന്റെ ചെറുതാകൽ കൊണ്ടും ശിശ്നത്തിന്റെ ഉത്ഥാപനവും വെളിയിൽ വരുന്നതും തടസ്സപ്പെടുന്നു". ഒറ്റവായനയ്ക്ക് എന്തെങ്കിലും അർഥമാകുമോ? ഞെരുക്കം. വ്യാകരണം ശരിപ്പെട്ടിട്ടെന്തു കാര്യം? ഈ വാക്യത്തെ നുറുക്കി നിരത്തുക തന്നെയാണ് കാര്യം. പറഞ്ഞു മനസ്സിലാക്കാൻ ചെയ്യേണ്ടത്. "ശിശ്നത്തിന്റെ ഉത്ഥാപനത്തിനും നിർഗമനത്തിനും തടസ്സം വരാൻ രണ്ടു കാരണങ്ങൾ ഉണ്ട്. ഒന്ന് ശിശ്നമണിയുടെയും ശിശ്നമണി ചർമത്തിന്റെയും വീക്കം കൊണ്ട്

മൃഗത്തിനുണ്ടാകുന്ന വേദന. രണ്ട്, ചർമസുഷിരത്തിന്റെ സങ്കോചം" എന്നെഴുതിയാൽ കാര്യം ശരിപ്പെട്ടു. ഒരേ വാക്യത്തിലെ തന്നെ വാചകങ്ങൾ ഇത്തിരി മാറ്റിമറിക്കേണ്ടി വന്നാലും വേണ്ടില്ല; അനായാസമായ ആശയഗ്രഹണമാവണം വിവർത്തകൻ ലക്ഷ്യമാക്കുന്നത്. ഇംഗ്ലീഷ് ഭാഷയിൽ അസ്വാരസ്യമെന്യേ പ്രയോഗിക്കാവുന്ന But, However, Neverthless, And തുടങ്ങിയ ആദ്യകങ്ങൾ അതേപടി മലയാളത്തിൽ തർജുമയിൽ പകർത്തുന്നതാണ് പലപ്പോഴും കല്ലുകടിയായിത്തീരുന്ന മറ്റൊരു പാകപ്പിഴ. നമ്മുടെ 'പക്ഷേ' യും 'എങ്കിലും,' 'ഏതായാലും' എല്ലാം വൃഥാസ്ഥൂലങ്ങളായി ഗദ്യശരീരത്തിൽ മുഴച്ചുനിൽക്കാനിടയുണ്ട്. മിക്കപ്പോഴും അവ ചെത്തിനീക്കുന്നതിൽ ദോഷമൊന്നുമില്ല. പ്രകരണത്തിലെ ചിന്താധാരയ്ക്ക് ഭംഗം വരാതെ ശ്രദ്ധിക്കണമെന്നേയുള്ളൂ.

വിശേഷണങ്ങളും ക്രിയകളും തർജുമ ചെയ്യുമ്പോൾ വിവർത്തകൻ മനസ്സു വയ്ക്കേണ്ട ചില കാര്യങ്ങളുണ്ട്. "നീളമേറിയതും വണ്ണം കുറഞ്ഞതും നല്ല ഉറപ്പുള്ളതും ലോഹനിർമിതവും വളയ്ക്കാവുന്നതുമായ ഒരു കമ്പി എടുക്കുക" എന്ന മട്ടിലുള്ള തർജുമ വിരസമാകും. വിശേഷണങ്ങളുടെ മാലമാലയായുള്ള പ്രയോഗം പഴയ വ്യാഖ്യാനശൈലിക്കേ പറ്റൂ- ശാസ്ത്രവിചാരത്തിൽ അതു നന്നല്ല. "നീണ്ടു കനം കുറഞ്ഞ ഒരു ലോഹക്കമ്പി എടുക്കുക. അതു ഉറപ്പുള്ളതും വളയ്ക്കാവുന്നതുമായിരിക്കണം" എന്നോ മറ്റോ പറഞ്ഞാൽ വിരസത കുറയ്ക്കാം. ക്രിയാപദങ്ങൾ തർജുമ ചെയ്യുമ്പോൾ ആണ് വിവർത്തകന്റെ ഭാഷാമർമജ്ഞത ഏറ്റവും പ്രകടമാകേണ്ടത്. ഇംഗ്ലീഷിലും സംസ്കൃതത്തിലും മറ്റും മനോഹരമായ കർമണിപ്രയോഗം നമ്മുടെ ഭാഷയിൽ മിക്കപ്പോഴും കൃത്രിമവും ആഭാസവുമാണ്. "ചെയ്യപ്പെട്ട പരീക്ഷണ" വും "മുമ്പു കാണപ്പെട്ട രേഖയും" "പിരിക്കപ്പെട്ട കോണി"യും മറ്റും യഥാക്രമം "ചെയ്ത പരീക്ഷണവും" "മുമ്പു കണ്ട രേഖ"യും "പിരിഞ്ഞ കോണിയും" ആയാലേ മലയാളമാകൂ എന്നോർക്കണം. പിന്നെ ഒന്ന് ക്രിയാവിശേഷണമാണ്. ഇവിടെയും നൂലാമാല പോലുള്ള പ്രയോഗങ്ങൾ ഒഴിവാക്കണം. ഉദാഹരണമായി, "Certainly the magnet will attract the iron piece" എന്നതിന്റെ തർജുമ "കാന്തം

ഇരുമ്പുകഷ്ണത്തെ ആകർഷിക്കുമല്ലോ” എന്നു മതി. നിശ്ചയമായും എന്ന് പദാനുപദതർജുമ ചേർക്കുന്നത് അനാവശ്യം തന്നെ.

ഔചിത്യമാണ് (Common sense) വിവർത്തകനെ ഈവക ത്യാജ്യഗ്രാഹ്യവിവേചനങ്ങളിൽ തുണയ്ക്കേണ്ടത്. വിഷയത്തിൽ താൽപര്യമുള്ള സാധാരണ വായനക്കാരന് മടുപ്പൊഴിവാക്കുന്ന വിധം കാര്യങ്ങൾ പറഞ്ഞു കൊടുക്കുക എന്നതാവണം വിവർത്തകന്റെ ലക്ഷ്യം. ഈയർത്ഥത്തിൽ അയാൾ മൂലഗ്രന്ഥത്തിന്റെ അനുവാദകൻ മാത്രമല്ല പ്രച്ഛന്നനായ അധ്യാപകൻ കൂടിയാണെന്നു കാണാം.

ഗ്രന്ഥം ഒന്നാകെ കണ്ട് ഔചിത്യപൂർവം ചെത്തിമിനുക്കൽ നടത്താത്ത പക്ഷം പിണയാവുന്ന വിഡ്ഢിത്തത്തിന് രണ്ട് ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ; “ഈ രോഗം പശുക്കളിൽ സാധാരണമാണെന്ന് ഇന്ത്യയിൽ നിന്ന് റിപ്പോർട്ടു ചെയ്യപ്പെടുന്നു” എന്നൊരു വാചകം ഒരിക്കൽ ഞാൻ കണ്ടെത്തിയതോർക്കുന്നു. ഇന്ത്യക്കാർക്കു വേണ്ടിയാണ് താനെഴുതുന്നതെന്നും മൂലഗ്രന്ഥകാരനിൽ നിന്നു വ്യത്യസ്തനായി, താൻ ഇന്ത്യയിലിരുന്നാണ് എഴുതുന്നതെന്നും ഉള്ള വാസ്തവം പാവം വിവർത്തകൻ മറന്നുപോയി!

മറ്റൊരു ഉദാഹരണം; “മൃഗം എസ് എന്നെഴുതിയ പോലെ നിലത്തു വളഞ്ഞു കിടക്കുന്നു” ഇവിടെ ‘എസ്’ പോലെ എന്ന് മലയാളം പറയരുതോ?

വേറൊരു വാചകം:-

മൂലം:

This is called an ‘ohm’ (pronounced O’m)

തർജുമ:

ഇതിനെ ഒരു ‘ഓം’ എന്നു വിളിക്കുന്നു (ഉച്ചാരണം: ‘ഓം’).

ഇംഗ്ലീഷിൽ പലപ്പോഴും എഴുതും പോലെയല്ല ഉച്ചാരണമെങ്കിലും നമ്മുടെ ഭാഷയിൽ കഥ മറിച്ചാണല്ലോ. ഇത്തരം അമളികൾക്കെതിരെ വിവർത്തകൻ ജാഗരൂകനായിരുന്നേ പറ്റൂ. അർഥം

ശരിപ്പെട്ടിരുന്നാൽ "ബദ്ധക്ഷേത്രഗണിതീയപ്രതലം" (closed geomertrical surface),"അധ്യാപകമൂല്യാങ്കന ചിഹ്നാങ്കന സൂചി" (Teacher evaluation check list), "നീല ഗോവ്" Nilgai- കൃഷ്ണ മൃഗം), "വാവൽപ്പറ്റങ്ങളിലെ സാമൂഹ്യസംഘടന" (കൂട്ടായ്മക്രമം) തുടങ്ങിയ തർജുമകൾ ഔചിത്യപരീക്ഷ ചെയ്ത് ഒഴിവാക്കേണ്ട താകുന്നു.

ഈ ദോഷപ്രകരണം അവസാനിപ്പിക്കും മുമ്പ് ഒരു സംഗതി കൂടി വ്യക്തമാക്കിക്കൊള്ളട്ടെ. തുടക്കത്തിൽ പറഞ്ഞപോലെ, അന്യമായ ആശയങ്ങൾക്ക് സ്വീയമായ നാവ് കണ്ടെത്തുകയാണ് വിവർത്തകന്റെ മഹാധർമം. അയാളുടെ ഔചിത്യത്തിന് പൂർണ സ്വാതന്ത്ര്യം അനുവദിക്കുന്ന വിധം വിവേകപൂർവവും സഹാനുഭൂതിപരവുമായൊരു സമീപനം നമ്മുടെ ഭാഷാപാണ്ഡിതന്മാരിൽ നിന്നുണ്ടായേ തീരൂ. ശുദ്ധിയെച്ചൊല്ലിയുള്ള ആണയിടലും മറ്റും ഒന്നു കുറയ്ക്കാൻ കാലമായെന്നു തോന്നുന്നു. ഈ ലേഖനത്തിന്റെ തല വാചകത്തിൽ സ്വീകരിച്ചിരിക്കുന്ന "അപാകത" പോലെ "ആഗ്രഹം", "അതിശയം", "സാധാരണ", "പശ്ചാത്തലം", "നിരാശ", "വേഗത" തുടങ്ങിയ അശുദ്ധപ്രയോഗങ്ങളെയെല്ലാം പുണ്യാഹം തളിച്ച് മലയാളത്തിലെ അന്തസ്സുള്ള വാക്കുകളാക്കി സ്വീകരിക്കാതെ ഇനിയങ്ങോട്ട് രക്ഷയില്ല. ദേശകാലസംസ്ക്കാരങ്ങളെക്കൊണ്ടെല്ലാം അകന്നുനിൽക്കുമെന്നൊരു ലിഖിതവാങ്മയം വിവർത്തനം ചെയ്യുമ്പോഴാകട്ടെ, ഈ സ്വാതന്ത്ര്യം കൂടുതൽ പ്രസക്തമായിത്തീരുന്നു. ചിട്ടപ്പെടുത്തലിലൂടെയല്ല സ്വാച്ഛന്ദ്യത്തിലൂടെയാണ് ഭാഷ വളരുന്നതെന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. കുറഞ്ഞ പക്ഷം, "വാചാടനോ"ടൊപ്പം "വാചാലനെ" ക്കൂടി മാനിച്ചിരുത്തിയ പാണിനിയുടെ ഉദാരബുദ്ധിയെങ്കിലും പണ്ഡിതന്മാർ ആർജിക്കേണ്ടിയിരിക്കുന്നു.

*(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'വിവർത്തനം' എന്ന പുസ്തകത്തിലെ ലേഖനം.)*

✦✦✦

*മലയാളഭാഷയിൽ ഈയിടെയുണ്ടായ കാവ്യചോരണാപവാദ കോലാഹലം കേട്ടപ്പോൾ, സംസ്കാരപൈതൃകം മനുഷ്യനിൽ ചെലുത്തുന്ന ന്യായമായ സ്വാധീനത്തെപ്പറ്റി ഓർത്തുപോയി.*

# നാലിതൾ പൂവ്

**ഇടശ്ശേരി**

കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടു നനച്ചിരുന്നു.
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റിവളർന്നതു മൊട്ടണിഞ്ഞു.

ആരുമറിഞ്ഞതില്ലക്കരുമൊട്ടിലുൾ-
ച്ചേരുന്ന ചാരുരഹസ്യമൊന്നും.
ഉച്ചിക്കുടുമയും പാറിച്ചു നില്ക്കുന്ന
കൊച്ചനെന്താവുമെന്നാർ ഗണിയ്ക്കും?
കുട്ടനുമാത്രമുണ്ടെന്തോ ചിലതിങ്ങു
പൊട്ടിവീണേയ്ക്കുമെന്നുള്ളഭാവം,
പേടിയും ഹർഷവുമിത്തിരി ധാർഷ്ട്യവും
കൂടിക്കലർന്നോരിടയിളക്കം.

ആദ്യത്തെ മൊട്ടിന്നു ചുണ്ടുചോന്നി,ല്ലവ-
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ;
ആയിരം പൂക്കാലമൊപ്പമെത്തീ പാരി-
ലാദ്യത്തെപ്പൂവൊന്നു കൺമിഴിക്കെ.
കമ്പം പിടിച്ചൊരു പൂമ്പുലരിയ്ക്കെന്തൊ-
രിമ്പമാമുറ്റത്തു നൃത്തമാടാൻ!
അമ്പിളിക്കീറിന്നു പോകുവാനുണ്ടഴ,-
ലംബരത്തിണ്ണയിൽ പറ്റിനിന്നു.
ആർപ്പും വിളിയുമായെത്തീ കളകള-
മാകാശത്തഞ്ചിതഗീതകങ്ങൾ.

കൊഞ്ചിക്കുഴഞ്ഞിതാ തപ്പുകൊട്ടും കുനു-
പൂഞ്ചിറകേലുവോർ നാലുപാടും.

കുട്ടനാ മുറ്റത്തിളവെയിലിൽത്തന്നെ
പൊട്ടിത്തരിച്ചു കുളിർത്തു നിന്നു.
മൂത്തവരാരാനുമാവഴി ചെല്ലുകിൽ
മറ്റൊരു പൂവെന്നേ സങ്കല്പിയ്ക്കൂ.
ആ മലർത്തൊത്തിലെ കാന്തിപ്രവാഹത്തെ,
ആ മുഗ്ദ്ധസൗന്ദര്യമാധുരിയെ,

അത്തുടുത്തോരിതൾച്ചാർത്തിൻ പതുപ്പിനെ,
ആയിളം മഞ്ഞയാമല്ലികളെ,
ഓരോന്നുമോരോന്നും പേർത്തവനാസ്വദി-
ച്ചാനന്ദമൂർച്ഛയിലാണ്ടുനില്ക്കേ,
ആ വഴി പോന്നുവന്നെത്തിനാരുത്സാഹം
തേവിത്തുളുമ്പും കിടാങ്ങളേറെ.

പൊന്നിൻ തളികപോലെത്തുടുവെയ്ലത്തു
മിന്നിത്തിളങ്ങും മനോജ്ഞതയെ,
കാണുമോ വാഴ്ത്തുമോ വാഴ്ത്തുമ്പോൾ തൽഗുണ-
ശ്രേണിയിൽ വല്ലതും വിട്ടുപോമോ?
വിട്ടുപോയീലൊന്നുമക്കൂട്ടർ കണ്ടെത്തി,-
കുറ്റപ്പെടുത്തേണ്ടും കോപ്പുകൂടി:

"പൂ നന്ന്"- നന്നെന്ന രണ്ടക്ഷരങ്ങളിൽ-
ത്താനൊതുങ്ങീടാഗ്ഗുണങ്ങളെന്തേ?
സൗന്ദര്യബോധമോ, ശില്പസാമർത്ഥ്യമോ,
മന്ദേതരശ്രമശാലിതയോ?
കുട്ടനാ "നന്നി "നെ വേണമെന്നുണ്ടെങ്കിൽ
മിഠായി പോലെ നുണച്ചിരിയ്ക്കാം!
"പക്ഷേ" തുടർന്നവർ നേരു കണ്ടെത്തുന്നു;-
"ണ്ടാക്ഷേപിച്ചാലല്ലേ യോഗ്യരാവു?"

പള്ളിക്കൂടത്തിലെ തോട്ടക്കാരൻ തന്നോ-
ടല്ലയോ നീയിതിൻ കമ്പു നേടീ?
ആ വിടർന്നാടുന്ന സൗന്ദര്യപൂരത്തി-
ന്നാലസൽ സൗരഭ്യധോരണിയ്ക്കും
നല്ലൊരുടമ നിരൂപകദൃഷ്ടിയിൽ
പള്ളിക്കൂടത്തിലെ തോട്ടക്കാരൻ!
പൂക്കളുണ്ടാക്കുവാനായാൾക്കെഴും വിരു-
തക്കുമാരന്മാരെടുത്തു വാഴ്ത്തി.
മ്ലാനമായീലതാൻ കുട്ടന്റെ തൂമുഖം.
താനുമാ വൃദ്ധനെ വാഴ്ത്തിടുന്നോൻ
അപ്പുറമിത്തിരി കൂടിയും കണ്ടവൻ
പൂക്കൾ തൻ നിർമ്മാണപ്രക്രിയയിൽ.
തൻ കലാകൗശലപ്പൂങ്കൊടിക്കൂറപോ-
ലങ്കണത്തെന്നലിൻ ഡോളയിങ്കൽ
പുഞ്ചിരി പെയ്തു പെയ്തഞ്ചിതമാടിടും
പിഞ്ചലരിൻ തുടുപ്പൂങ്കവിളിൽ
സാകൂതം നോക്കിച്ചിരി, ച്ചഭിപ്രായക്കാ-
രാകെപ്പരുങ്ങുമാറേവമോതി:

“പണ്ടൊരു കാട്ടിലെ കാട്ടാളനാണലർ-
ച്ചെണ്ടുളവാം കൊമ്പൊടിച്ചു കുത്തി
ലോകാതിശായിയാം സൗന്ദര്യമേലുന്ന
നാലിതൾപ്പൂ വിരിയിച്ചിതാദ്യം
അക്കമ്പിൻ തുമ്പുകൾ കൈവന്നോരായതി-
ലുൾക്കളപ്പൂക്കളാവിഷ്കരിപ്പൂ.
പള്ളിക്കൂടത്തിലെത്തോട്ടക്കാരൻ ചെടി-
ച്ചുള്ളികൾ സൃഷ്ടിച്ചതാരറിഞ്ഞു?”

✦✦✦

---

*മാതൃഭൂമി ആഴ്ചപ്പതിപ്പ് 41,35 (നവംബർ 17, 1963) പു. 5.*
*കാവിലെ പാട്ട്. പു. 66–9 തിരഞ്ഞെടുത്ത കൃതികൾ പു. 317–20.*

# ഒരു കവിതയുടെ കഥ

അക്കിത്തം

ജീവിതം ആരംഭിച്ചകാലത്ത് ജീവിതമെന്നുവെച്ചാൽ എന്താണെന്ന കാര്യത്തിൽ എനിക്കു യാതൊരു സംശയവും ഉണ്ടായിരുന്നില്ല. എന്നാൽ പിന്നെപ്പിന്നെ സംശയങ്ങളുദിച്ചുതുടങ്ങി. സ്പഷ്ടമായി പറഞ്ഞാൽ പതിനൊന്നു വയസ്സിനുശേഷമാണത്. പതിന്നാലു വയസ്സിന്നു ശേഷം അതിന്നൊരു പരിണാമമുണ്ടായി. ജീവിതമെന്നതു പൂർണമായും ഒരു ഭൗതികസത്യമെന്ന ബോധം. എന്നാൽ പത്തൊമ്പതു വയസ്സിന്നും ഇരുപത്തിരണ്ടു വയസ്സിനുമിടയിലുള്ള കാലഘട്ടത്തിലെ ചില ദിവസങ്ങളിൽ തൃശ്ശൂരിലെ മാളികമുറിയിൽ എന്റെ തൊട്ടടുത്ത പായിൽ കിടന്നുറങ്ങാറുണ്ടായിരുന്ന ഈശ്വരാംശം എന്നെ കൂടുതൽ ചിന്തിപ്പിച്ചു.

ആ ചിത്രം ഇതാണ്:

കാക്കിക്കാലുറയിൽ കൈത്തോക്കിരുമ്പൻ-
നരിമീശകൾ
പ്രതികാരജ്ജ്വാലകത്തും രോമകൂപസഹസ്രവും
തരം കിട്ടുമ്പൊഴൊക്കെയും യൂറോപ്യൻ-
മദ്യശാലയിൽ
കയറിച്ചെന്നു മൂക്കറ്റം കുടിച്ചാടിനടക്കലും
അരിപ്പല്ലുകളിൽ പൊത്തിനിന്നീടും വെറ്റിലക്കറ
വേണമെങ്കിൽ ചുരത്താവും കൃത്രിമച്ചിരി-
ച്ചുണ്ടിലും.

അദ്ദേഹത്തിന്റെ ശാസനഭാവത്തിലുള്ള മൊഴികളും ചെയ്തികളും എന്നെ വ്യാകുലനാക്കുകയാണു ചെയ്തത്. എന്നല്ല, ലെനിൻ

സ്ഥാപിച്ചു വളർത്തിയ പാർട്ടിയിൽ അംഗമാവുന്നതിനുവേണ്ടി യാണ് മനുഷ്യനെന്ന ജീവിതമാതൃക ഭൂമിയിൽ സംഭവിച്ചതെന്നു വിശ്വസിക്കുവാൻ കഴിയാത്തതിനാൽ എന്റെ മുമ്പിൽ തുറന്നുവച്ച തുടുത്ത കൊച്ചുപുസ്തകത്തിൽ ഒപ്പുവയ്ക്കാൻ രണ്ടാമത്തെ തവ ണയും എനിക്കു സാധിക്കാതെ വരികയും ചെയ്തു. തേക്കിൻകാടു മൈതാനത്തിന്റെ പാതിരാത്രിയിലിരുന്നുകൊണ്ടു സത്യമെന്താണ്, ധർമ്മമെന്താണ് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ നക്ഷത്രനിബിഡ മായ വ്യോമമണ്ഡലത്തിനുനേരെ എടുത്തെറിഞ്ഞുകൊണ്ടിരി ക്കുന്ന കാലത്തൊരു നിമിഷത്തിലാണ് മുറുക്കാൻപൊതിക്കപ്പുറ ത്തിരുന്നു വേവുന്ന മറ്റൊരു ഹൃദയം മന്ത്രിച്ചത്: “അക്കിത്തം മുദ്ര വാക്യങ്ങൾക്കു മുമ്പിൽ നിശ്ശബ്ദത പാലിക്കണമെന്ന് എനിക്കഭി പ്രായമില്ല- ഹൃദയത്തിൽ തോന്നുന്നത് ഉറക്കെപ്പറഞ്ഞാലല്ലാതെ ഉറങ്ങാൻ കഴിയാത്തതരം ഒരാളാണു താങ്കൾ.”

എന്നിട്ടും ഇരുപത്തിമൂന്നുവയസ്സിൽ കുമാരനല്ലൂരിൽത്തന്നെ പാർപ്പുറപ്പിച്ചസമയത്ത് ചുറ്റുപാടിന്റെ സമ്മർദ്ദത്തിനുവഴങ്ങാതിരി ക്കാനുള്ള മനശ്ശക്തി തികച്ചും എനിക്കുണ്ടായിരുന്നില്ല. ഏതു കവി യിലും ഒരു സാധാരണ മനുഷ്യൻ കൂടിയുണ്ട്.

പക്ഷേ, ഇരുപത്തിനാലു വയസ്സിനുശേഷം തന്റെ മൂലം നാളിനു ജനിച്ച ആദ്യത്തെ കുട്ടി മരിച്ചു. ജനിച്ചതിന്റെ പതിനാലാം ദിവസം. പേരില്ലാത്ത ആ കൊച്ചുജീവൻ എന്നെ കൂടുതൽ ധീര നാക്കി എന്നു തോന്നുന്നു. പതിന്നാലു വയസ്സോടുകൂടി ഭൗതിക വാദം എന്നിലേക്കു കടന്നുവന്നപ്പോൾ എന്റെ ഭൂതപ്രേതപിശാചു ഭയം തിരോഭവിച്ചുവെങ്കിലും, നായ, പാമ്പ് എന്നിങ്ങനെയുള്ള ജന്തുക്കളെയും മനുഷ്യനെയും അന്നും ഞാൻ ഭയപ്പെട്ടിരുന്നു. ആ ഭയങ്ങളിൽ നിന്ന് എനിക്കു മുക്തി ലഭിച്ചത് ‘മൂലകഥ’യുടെ തിരോ ഭാവത്തോടുകൂടിയാവണം.

“മൂലകേ, ഏതത്തേന്നം!”

ജീവിതം ഒരു പ്രതിഭാസം മാത്രമാണ്. സത്യം ഈ എല്ലാ വസ്തുക്കളിലും വ്യാപിച്ചുകൊണ്ട്, എങ്കിലും ഇവയിൽനിന്നു ഭിന്ന

മായി അദൃശ്യരൂപമായി സ്ഥിതിചെയ്യുകയാണ്. കാണുന്ന എന്തിന്മേൽ പിടികൂടിയാലും അവ പൊടിഞ്ഞുപോകുന്നു. പൊടിഞ്ഞുപോകാത്തതിനെ പിടികൂടുന്നവനേ ജയമുള്ളൂ. ആ ജയമാകട്ടെ, ജയം എന്നൊന്ന് ഇവിടെയില്ല എന്ന ബോധത്തിന്നു സ്ഥായീഭാവം ലഭിക്കാൻ മാത്രമാകുന്നു. എങ്കിൽപ്പിന്നെ, ആ അജ്ഞേയതയുടെ ഇച്ഛാപ്രതീകമായ എനിക്ക് എന്റെ കൈയിൽ തന്നിട്ടുള്ള ബുദ്ധിയിൽ തോന്നുന്നപ്രകാരം നല്ലതേതോ അത് അപ്പപ്പോൾ ചെയ്യാമെന്നേയുള്ളൂ. അതു ചെയ്യുകയും വേണം. അതു ചെയ്യുമ്പോൾ അതുമാത്രമായിത്തീരുകയും വേണം. പക്ഷേ, വിധിയിൽനിന്നു മാറി നില്ക്കാനാശിക്കേണ്ട. വേദന കുറച്ചുതരാൻ പ്രാർത്ഥിക്കാം. അന്യരുടെ വേദന കുറച്ചുകൊടുക്കാൻ കഴിവതു ചെയ്യാം. ഭയം അനാവശ്യം.

ഇതുവരെപ്പറഞ്ഞത്, 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ'മെഴുതാനുള്ള സാദ്ധ്യത എന്റെ ഉള്ളിൽ രൂപം കൊണ്ടതിനെപ്പറ്റിയാണ്. എന്നാൽ, ചില പ്രത്യേക സംഭവങ്ങളെ ഇനിയും എടുത്തുകാണിക്കേണ്ടതുണ്ട്. നന്നേ ചെറുപ്പത്തിൽ അമ്മാത്തുനിന്നു നടന്നുപോകുന്ന അമ്മയുടെകൂടെ, ഉണ്ണിക്കാട്ടിൽ ലക്ഷ്മിയമ്മയുടെ ഒക്കത്തിരുന്നുകൊണ്ട് ഇല്ലത്തേക്കു വരുമ്പോൾ തൃത്താലപ്പാടത്തു വച്ച് ഓവുപാലത്തിന്മേൽ ഇരിക്കുന്ന വി. ടി. യെ കാണാനിടയായി. 'ആത്തേന്മാരോൾടെ' മറക്കുട തല്ലിപ്പൊളിക്കുന്ന ഭയാനകൻ!

മറ്റൊരിക്കൽ അരമംഗലത്തമ്പലത്തിന്റെ പരിസരത്തിൽ കുട്ടികളോടൊത്തു കളിക്കുന്ന സമയത്തു കുളിക്കാനെത്തിച്ചേർന്ന തോട്ടത്തിൽ ചാത്തുണ്ണിമേനോന്റെ ഒരു ചോദ്യം: "ഉണ്ണ്യമ്പൂരി ഗീത വായിച്ചിട്ടുണ്ടോ?" "ഇല്ല." "വായിക്കണം."എന്തിനെന്നു ഞാനന്വേഷിച്ചില്ല. എന്നാൽ ഒരു ദിവസം അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ കണ്ടു: കണ്ണട അഴിച്ചു കൈയിൽപ്പിടിച്ച് വാത്സല്യപൂർവ്വം എന്നോടു സംസാരിക്കുന്ന, നെറ്റിയിൽ ഭസ്മചന്ദനങ്ങളും മുടിക്കെട്ടിൽ തുളസിയും ധരിച്ച, ചാത്തുണ്ണിമേനോനെന്ന അർദ്ധനഗ്നസ്വരൂപന്റെ മടിയിൽ മലർന്നുകിടക്കുന്ന പുസ്തകം ഭഗവദ്ഗീതതന്നെയാണ്. പറയുന്നതു ചെയ്യുന്ന മനുഷ്യൻ!

രാജസ്ഥാനിലെ വിജിലൻസ് കമ്മീഷണർ കെ. പി. യു. മേനോൻ, ഐ. സി. എ. ആർ. സെക്രട്ടറി കെ. പി. എ. മേനോൻ, 'ദേശാഭിമാനി' മേനേജരായിരുന്ന, പരേതനായ കെ. പി. മാധവ മേനോൻ എന്നിവരുടെ അച്ഛനാണ് തോട്ടത്തിൽ ചാത്തുണ്ണിമേനോനെന്നുകൂടി പറയട്ടെ.

അങ്ങനെയിരിക്കുമ്പോഴാണ് ഇല്ലത്ത മൂന്നാം നിലയിൽ അച്ഛന്റെ കിടപ്പറയിലെ തട്ടിനു താഴെ തറച്ച പലകയ്ക്കു മീതെ ഇരിക്കുന്ന പുസ്തകങ്ങളോടൊരു ജിജ്ഞാസ. എടുക്കാൻ കൈ നീട്ടി. "പ്രാംശു ലഭ്യേ ഫലേലോഭാദുദ്ബാഹുരിവ വാമനഃ" – കിട്ടിയില്ല. കാൽപ്പെട്ടി വലിച്ചുനീക്കിയിട്ട് അതിന്മേൽ കയറിനിന്നു കൈ നീട്ടി. അപ്പോഴും കൈയെത്തിയില്ല. അച്ഛന്റെ കിടക്കയെടുത്തു പെട്ടിയിന്മേൽ വച്ചു കയറിനിന്നു കൈനീട്ടി നോക്കി. കഷ്ടിച്ചെത്തുന്നു.

ആ പുസ്തകങ്ങളിൽ ഒന്നു വി.ടി.യുടെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' ആയിരുന്നു. മറ്റൊന്ന് 'ഗീത.' വേറേയും ചില പുസ്തകങ്ങൾ ഉണ്ടായിരുന്നു. അവയെല്ലാം യഥാസ്ഥാനത്തു വെച്ചു. എടുത്ത പുസ്തകങ്ങൾ രണ്ടും വായിക്കാൻ തുടങ്ങി. വളരെ വിഷമിച്ചു വായിച്ചു തീർക്കുകയായിരുന്നു ഗീത. പക്ഷേ, അതിനോട് എന്തോ കലശലായ ഭക്തി മനസ്സിലുണ്ട്. എന്നാൽ വി.ടി.യുടെ നാടകം അത്യാവേശത്തോടെയാണ് വായിച്ചുതീർത്തത്. അതെനിക്കു നല്കിയ ഉജ്ജ്വലമായ ധാർമ്മികപ്രകാശത്തിന്റെ ശക്തി വർണ്ണനാതീതമാണ്. അതിന്റെ ആകെത്തുകയായ "ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേൽ" എന്ന പ്രബുദ്ധത അബോധപൂർവ്വം അനുഭവിച്ചറിഞ്ഞു. എന്നാൽ അതുതന്നെയാണ് ഗീതയിൽനിന്നു ലഭിക്കുന്ന പ്രബുദ്ധതയെന്നു ഞാൻ മനസ്സിലാക്കിയത് പിന്നെയും വളരെ കഴിഞ്ഞിട്ടാണ്. എന്നല്ല, ഈ അനുഭവങ്ങളില്ലായിരുന്നെങ്കിൽ ലെനിൻ സ്ഥാപിച്ചു വളർത്തിയ പാർട്ടിയിൽ അംഗമാവാൻ വേണ്ടി മാത്രമല്ല മനുഷ്യമാതൃക ഭൂമിയിൽ ആവിർഭവിച്ചതെന്ന ബോധം പിന്നീട് എന്നിൽ ഉണരുമായിരുന്നുവോ?

ഇതൊക്കെ ശരിയാണെങ്കിലും 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' പോലെ ഒരു കൃതി രചിക്കാനുള്ള ശക്തി എനിക്കുണ്ടെന്ന വിശ്വാസം ഒരിക്കലും എനിക്കുണ്ടായില്ല. അങ്ങനെയൊന്നെഴുതാതിരിക്കുവാനുള്ള ആഗ്രഹമാണ് മനസ്സിന്റെ പ്രബുദ്ധ തലത്തിൽ എന്നും ഞാൻ വച്ചുപുലർത്തിയിരുന്നത്. എന്നിട്ടും അതെഴുതിപ്പോയതിൽ എത്രയധികം വിഷമമാണ് പിന്നീട് ഞാൻ മനസാ അനുഭവിച്ചതെന്നും പറഞ്ഞറിയിക്കാനാവതില്ല. എന്തായാലും ഞാനിങ്ങനെയൊന്ന് എഴുതിപ്പോയസ്ഥിതിക്ക് എന്റെ ഗുരുവായ ഇടശ്ശേരി കൂടി വായിച്ചിട്ടു മതി ഇതു ചീന്തിക്കളയുക എന്നു ഞാൻ വിചാരിച്ചു. അങ്ങനെ ഇടശ്ശേരി അതു കണ്ടു. എന്നു മാത്രമല്ല, ഇങ്ങനെ എന്നെ ശാസിക്കുകയും ചെയ്തു: "ചീന്തിക്കളയില്ലെന്ന് ഉറപ്പുതന്നാലല്ലാതെ ഇതു ഞാൻ മടക്കിത്തരികയില്ല."

ചുരുക്കത്തിലിതാണു കാര്യം. എന്റെ മനസ്സിൽ പ്രബുദ്ധതല പ്രേരണകളെ ചോദ്യം ചെയ്തുകൊണ്ട് അബോധതലത്തിൽനിന്നു തിളച്ചുപൊന്തിയ വാക്കുകളാണ് ഞാൻ ആ പുസ്തകത്തിൽ കുറിച്ചുവച്ചത്. അതു നല്ലതാണെന്നോ ചീത്തയാണെന്നോ ഇപ്പറഞ്ഞതിനർത്ഥമില്ല. ആദ്യത്തെ ശ്ലോകമെഴുതുമ്പോൾ അതുമാത്രമേ എന്റെ മനസ്സിലുള്ളൂ. രണ്ടാമത്തെ ശ്ലോകത്തിന്റെ ഹേതു ആദ്യത്തെ ശ്ലോകം തന്നെയായിരുന്നു. മൂന്നാമത്തേതിന്റെ ഹേതു രണ്ടാമത്തെ ശ്ലോകവും. അവിടെ അല്പം വിശ്രമിച്ചു. കവിത കഴിഞ്ഞു എന്നു തന്നെ വിചാരിച്ചു. അപ്പോഴാണ് ബാല്യത്തെപ്പറ്റി കുറെ ചിത്രങ്ങൾ മനസ്സിൽ മിന്നിക്കളിക്കുന്നത്. അതെഴുതിക്കഴിഞ്ഞപ്പോഴും ഒരു വിശ്രമം; അപ്പോഴാണ് പുതിയ പ്രകാശം: ബാല്യത്തിനുശേഷം കൗമാരമില്ലേ? കൗമാരത്തിലെ അനുഭൂതി ചിത്രങ്ങൾ ഒന്നൊന്നായി വിടരുന്നു. എഴുതിയെഴുതി, "ഭൂമി കുഴിച്ചാലെത്തിടും ദൃഢം മറുഭാഗത്ത്!" എന്ന വീക്ഷണം മസ്സിലൂടെ പാഞ്ഞു. ഉടനെ മറ്റൊരു വീക്ഷണം: മറുഭാഗത്ത്! ഭൂമിക്കു മാത്രമല്ല മറുഭാഗമുള്ളത്. എന്റെ പ്രതിപാദ്യപ്രപഞ്ചത്തിനുമുണ്ട്. 'എന്റെ ബാല്യകാലാഹ്ലാദങ്ങളെ നിഹനിക്കുന്ന ലൗകികവിഷാദം, നരവർഗനവാതിഥികളുടെ കരങ്ങളിൽ അതെന്നെ വിമഥിച്ചതിന്റെ കഥ, ഈ നൂറ്റാണ്ടിലെ എല്ലാ ചിന്തിക്കുന്ന മനുഷ്യരേയും വിമഥിച്ച ധർമ്മസങ്കടം.

പ്രകൃതിയെ ഭൃത്യനാക്കിയ മനുഷ്യൻ മനുഷ്യനെത്തന്നെ ഭൃത്യനാക്കിയതിന്റെ ചരിത്രമാണ് മനുഷ്യചരിത്രം. ആ ചരിത്രത്തെ മാറ്റിയെഴുതാനാഗ്രഹിച്ച മനുഷ്യൻ ആയുധങ്ങൾ കൈയിലെടുത്തു. അനേകായിരം തലകൾ അറ്റുവീണു. പ്രശ്നം അവസാനിച്ചില്ല. ശേഷിച്ചതെന്ത്? വേദന! രാഷ്ട്രീയമായി ഏതു തത്ത്വശാസ്ത്ര ത്തിന്റെ ഭാഗത്തു നില്ക്കുന്നവനായാലും ശരി, ഈ നൂറ്റാണ്ടിലെ എല്ലാ മനുഷ്യരേയും ചിന്തിപ്പിച്ചതതാണ്. ഈ ധാർമ്മിക സംഘ ർഷം. അതിനെപ്പറ്റി എനിക്കു ലഭിച്ച അനുഭവചിത്രങ്ങൾകൂടി സംവിധാനം ചെയ്തശേഷം, അതുവഴി എന്റെ 'നീലരക്തഞരമ്പു കൾ' തുറന്നുവിട്ടശേഷം മാത്രമേ, എനിക്കീകവിത അവസാനിപ്പി ക്കുവാൻ കഴിയൂ. കവിതയുടെ ഈ പതനത്തിൽ വച്ച് എഴുതുന്ന കൃതിയുടെ രൂപത്തെക്കുറിച്ചുള്ള ബോധം അസ്തമിച്ചു. കഥാപാ ത്രവും ഞാനും രണ്ടല്ലാതായി. പതിനഞ്ചുദിവസംകൊണ്ട് എഴു തിത്തീർന്ന ഈ കവിതയ്ക്ക് 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതി ഹാസം' എന്നു പേരിടാൻ കാരണവും ഈ അനുഭൂതിതീവ്രതത ന്നെ.

*(കൈരളി ബുക്സ് പ്രസിദ്ധീകരിച്ച 'ഉപനയനവും സമാവർത്തനവും' എന്ന പുസ്തകത്തിലെ ലേഖനം)*

✦✦✦

# എന്തിന്, എങ്ങനെ കഥ എഴുതണം?

**പി. കേശവദേവ്**

എന്തിനാണ് കഥ പറയുന്നത്? എന്തിനാണ് കഥ എഴുതുന്നത്?

കഥ പറയുന്നത് അന്യർക്കു കേൾക്കാൻ, കഥ, എഴുതുന്നത് അന്യർക്കു വായിക്കാൻ. കേൾക്കാൻ ആളില്ലെങ്കിൽ ആരും കഥ പറയുകയില്ല. വായിക്കാൻ ആളില്ലെങ്കിൽ ആരും കഥ എഴുതുകയുമില്ല,

ഓരോരുത്തരുടേയും വികാരവിചാരങ്ങളെ അന്യരിലേക്കു കൈമാറ്റം ചെയ്യേണ്ടത് ഓരോരുത്തരുടേയും ആവശ്യമാണ്. അതിനുവേണ്ടിയാണ് ആംഗ്യഭാഷ ഉണ്ടായത്. അതിനുവേണ്ടിയാണ്, സംസാരഭാഷയും എഴുത്തുഭാഷയും ഉണ്ടായത്. അതിനുവേണ്ടിയാണ് സാഹിത്യവും കലകളും ഉണ്ടായത്.

'വികാരങ്ങൾ കൈമാറ്റം ചെയ്യുന്നതാണ് കല' (Art is transmission of feeling) എന്നു ടോൾസ്റ്റായി പറഞ്ഞു. ഞാൻ വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുള്ള കലാനിർവചനങ്ങളിൽ വച്ച് ഏറ്റവും സ്വീകാര്യമായി എനിക്കു തോന്നിയിട്ടുള്ള നിർവചനമാണിത്.

അപ്പോൾ, കഥാകാരൻ കഥ എഴുതുന്നത് വായനക്കാർക്കുവേണ്ടിയാണ്- കഥയിലെ കഥാപാത്രങ്ങളിൽക്കൂടിയും സംഭവങ്ങളിൽക്കൂടിയും ആവിഷ്കരിക്കുന്ന വിചാരങ്ങളും വികാരങ്ങളും വായനക്കാരൻ ആസ്വദിക്കാൻവേണ്ടിയാണു എഴുതുന്നത്. എന്നുവച്ചാൽ, കഥാകാരൻ സമൂഹത്തിനുവേണ്ടി കഥ എഴുതുന്നു.

ആത്മാവിഷ്കരണമാണ് സാഹിത്യമെന്നും ആത്മസംതൃപ്തിക്കുവേണ്ടിയാണ് സാഹിത്യസൃഷ്ടി നടത്തുന്നതെന്നും ഒരു കൂട്ടർ വാദിക്കുന്നു. ആ വാദത്തെ ഞാനും അനുകൂലിക്കാം. കഥ പറയുന്നതും എഴുതുന്നതും ആത്മാവിഷ്കരണമാണ്. ആവിഷ്കരണത്തിൽ നിന്നു ആത്മസംതൃപ്തി കിട്ടുകയും ചെയ്യും. പക്ഷേ ഒരു ചോദ്യം-കഥ പറയുമ്പോൾ കേൾക്കാനാരുമില്ലെങ്കിൽ പറയുമോ? എഴുതിയ കഥ പ്രസിദ്ധപ്പെടുത്തുന്നില്ലെങ്കിൽ, ആരും വായിക്കുന്നില്ലെങ്കിൽ, പിന്നേയും എഴുതുമോ? ആത്മസംതൃപ്തിക്കുവേണ്ടിയാണ് എഴുതുന്നതെങ്കിൽ, എഴുതിയതു പ്രസിദ്ധപ്പെടുത്താനും വിൽക്കാനും പ്രതിഫലം വാങ്ങാനും എന്തിനു മിനക്കെടുന്നു?

ഈ ആത്മസംതൃപ്തിവാദം ഒരു പൊള്ളവാദമാണ്. എഴുതിയതു മറ്റുള്ളവർ വായിച്ചു ആസ്വദിക്കുമ്പോഴാണ് എഴുത്തുകാരന് സംതൃപ്തിയുണ്ടാവുന്നത്. കടലാസും അച്ചടിയും ഇല്ലാതിരുന്ന കാലത്താണ് വാല്മീകി രാമായണം എഴുതിയത്. ഉടനെതന്നെ ലവകുശന്മാരെ അതു മുഴുവൻ കാണാപ്പാഠം പഠിപ്പിച്ചു. അവരെക്കൊണ്ടു നാട്ടിലെല്ലാം രാമായണംകഥ പാടിച്ചു. നാട്ടുകാർ രാമായണംകഥ കേട്ടപ്പോഴാണ് വാല്മീകിക്കു സംതൃപ്തിയുണ്ടായത്.

ഞാൻ ആവർത്തിച്ച് ഉറപ്പിച്ച് പറയുന്നു - സാഹിത്യസൃഷ്ടി സമൂഹത്തിനു വേണ്ടിയാണ്. സമൂഹത്തിനുവേണ്ടി സാഹിത്യസൃഷ്ടി നടത്തുമ്പോൾ സമൂഹത്തോടുള്ള ഉത്തരവാദിത്വത്തെപ്പറ്റി സാഹിത്യകാരൻ ബോധവാനായിരിക്കണം, സമൂഹനന്മ എന്ന ലക്ഷ്യം അയാളിൽ ഉണ്ടായിരിക്കണം.

അപ്പോൾ ഒരു ചോദ്യം സാഹിത്യം പ്രചരണമാണോ? സാഹിത്യം പ്രചരണമല്ലാതെ മറ്റൊന്നുമല്ല. സംസാരിക്കുന്നതും, എഴുതുന്നതും, പാടുന്നതും. ചിത്രം വരയ്ക്കുന്നതും എല്ലാം പ്രചരണമാണ്. വികാരങ്ങളേയും വിചാരങ്ങളേയും അന്യരെ അറിയിക്കുന്നത് പ്രചരണമല്ലാതെ മറ്റെന്താണ്? പ്രചരണം ചെയ്യാതിരിക്കുക എന്നു വച്ചാൽ, മിണ്ടാതെയും അനങ്ങാതെയും ഇരിക്കുക എന്നാണർത്ഥം.

സാഹിത്യകാരൻ എന്ന പ്രചാരകൻ ലക്ഷ്യബോധമുള്ളവനായിരിക്കണമെന്നും സമൂഹനന്മയാണ് അയാളുടെ ലക്ഷ്യമായിരിക്കേണ്ടതെന്നും മാത്രമേ എനിക്കു കൂട്ടിച്ചേർക്കുവാനുള്ളൂ. കുറേക്കൂടി വിശാലമായി പറഞ്ഞാൽ, മനുഷ്യനിലുള്ള മൃഗീയതയെ താഴ്ത്തുകയും മനുഷ്യത്വത്തെ ഉയർത്തുകയും ആയിരിക്കണം സാഹിത്യകാരന്റെ ലക്ഷ്യം.

സാഹിത്യമെന്ന പ്രചരണം ഫലപ്രദമാവണമെങ്കിൽ വായനക്കാരനെ ആകർഷിക്കത്തക്ക വിധത്തിൽ സാഹിത്യസൃഷ്ടി ചെയ്യണം. സാഹിത്യകാരന് അഥവാ കഥാകാരന് എത്രതന്നെ മഹത്തായ വിചാരവികാരങ്ങളുണ്ടായിരുന്നാലും, എത്ര ഉന്നതമായ ലക്ഷ്യമുണ്ടായിരുന്നാലും, അയാൾ എഴുതുന്നത് ആദ്യം മുതൽ അവസാനംവരെ വായിക്കുവാൻ വായനക്കാരന് പ്രേരണ കൊടുക്കുന്നില്ലെങ്കിൽ, അതിനെ സാഹിത്യമെന്നു പറയാൻ പാടില്ല. ഞാൻ സാഹിത്യത്തിന്റെ രൂപഭംഗിയെപ്പറ്റിയാണ് പറയുന്നത്.

ആദ്യത്തെ വാചകം വായിച്ചാൽ രണ്ടാമത്തെ വാചകം വായിക്കാൻ തോന്നണം. ആദ്യത്തെ പാരഗ്രാഫ് വായിച്ചാൽ രണ്ടാമത്തെ പാരഗ്രാഫിലേക്കു കണ്ണ് ഓടണം. ആദ്യത്തെ അദ്ധ്യായം വായിച്ചാൽ രണ്ടാമത്തെ അദ്ധ്യായം മറിക്കണം. അങ്ങനെ മുഴുവൻ വായിച്ചാൽ കഥ എഴുതിയ ആൾ ജയിച്ചു. അല്ലെങ്കിൽ തോറ്റു. മുഴുവൻ വായിച്ചുതീരുമ്പോൾ  കഥയിലെ വികാരങ്ങളും വിചാരങ്ങളും വായനക്കാരന്റെ മനസ്സിൽ മാറ്റൊലിക്കൊള്ളുകയും വേണം.

ഈ വിഷയത്തിൽ ടോൾസ്റ്റായിക്കുപോലും പരാജയം പറ്റിയിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം 'വാർ ആന്റ് പീസ്' ലോകപ്രസിദ്ധമായ ഒരു ഇതിഹാസമാണല്ലോ. പക്ഷേ, അത് എത്ര പേർ വായിച്ചിട്ടുണ്ട്? വായിച്ചു തീർക്കുവാൻ എത്രപേർക്കു ക്ഷമയുണ്ടായിട്ടുണ്ട്? ആദ്യത്തെ കുറെ പേജുകൾ ദുസ്സഹമാംവിധം വിരസമാണ്. പിന്നീടങ്ങോട്ടു തട്ടിയും മുട്ടിയും പോകാമെന്നുമാത്രം. പക്ഷേ ടോൾസ്റ്റായിയുടെ "അന്നാകരേനിന" ആപാദമധുരമാണ്. ഉൽകൃഷ്ടമായ വികാരവിചാരങ്ങളും ലക്ഷ്യവും ഉണ്ടുതാനും.

ഇതിഹാസമാണെന്ന് പൊതുവെ സമ്മതിക്കപ്പെട്ടിട്ടുള്ള മറ്റൊരു നോവലാണ് റൊമയിൻ റോളണ്ടിന്റെ 'ജോൺ ക്രിസ്റ്റഫർ'. 'വാർ ആന്റ് പീസ്'-ന്റെ വിരസത 'ജോൺക്രിസ്റ്റഫർ-' ന് ഇല്ല.

"How ugly you are! How dearly I love you!" പ്രസവിച്ച ശിശുവിനെ കയ്യിലെടുത്തു പിടിച്ചുകൊണ്ട് അമ്മ പറയുകയാണ്. അങ്ങനെ നോവൽ ആരംഭിക്കുന്നു. വിരൂപനായ ആ കുട്ടി വളർന്ന് പാശ്ചാത്യസംഗീതത്തിൽ വിപ്ലവം സൃഷ്ടിക്കുകയാണ്. അതിനിടയിൽ ഫ്രാൻസിലേയും ജർമ്മനിയിലേയും പല രാഷ്ട്രീയ - സാമൂഹികപ്രശ്നങ്ങളും ആ നോവലിൽ കൈകാര്യം ചെയ്തിട്ടുണ്ട്. സംഗീതസമ്രാട്ടായ ക്രിസ്റ്റഫർ എന്ന കഥാനായകൻ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സഞ്ചരിച്ച്, തത്വചിന്തകനായി, വൃദ്ധനായിത്തീരുമ്പോൾ നോവൽ അവസാനിക്കുന്നു. നാല്പതുവർഷങ്ങൾക്കു മുൻപ് മണ്ണെണ്ണവിളക്കിന്റെ വെളിച്ചത്തിൽ, ഞാൻ ആ നോവലിന്റെ നാലുവാല്യങ്ങൾ വായിച്ചുതീർത്തത് പ്രചോദനസംദായകമായ ഒരു അനുഭവമായിരുന്നു.

ചെറുകഥയായാലും, നോവലായാലും, ഇതിഹാസമായാലും, കഥയാണെന്നുള്ള വസ്തുത കഥാകാരൻ വിസ്മരിക്കുവാൻ പാടില്ല. കഥയെഴുതുന്നതു വായനക്കാരനുവേണ്ടിയാണെന്നും വിസ്മരിച്ചുകൂടാ. കലാകാരന്റെ ജീവിതവീക്ഷണം വായനക്കാരനിലേക്കു കൈമാറ്റം ചെയ്യുന്നത് കലാപരവും തന്ത്രപരവുമായിട്ടായിരിക്കണം. തത്വപ്രതിപാദനങ്ങളും, സാമൂഹ്യനിരൂപണപ്രസംഗങ്ങളും നോവലിൽനിന്ന് ഒഴിച്ചു നിർത്തേണ്ടതാണ്. കഥാപാത്രങ്ങളുടേയും സംഭവങ്ങളുടേയും ക്രമാനുഗതമായ വികാസത്തിൽക്കൂടി കലാകാരന്റെ ജീവിതനിരൂപണവും വ്യാഖ്യാനവും വായനക്കാരിലേക്കു കടത്തിവിടുകയാണു വേണ്ടത്.

ഏതു കഥയിലും പ്രധാനമായി രണ്ടു ഘടകങ്ങളാണുള്ളത്: കഥാപാത്രങ്ങളും സംഭവങ്ങളും. കഥാപാത്രങ്ങളിൽക്കൂടി സംഭവങ്ങളേയും, സംഭവങ്ങളിൽക്കൂടി കഥാപാത്രങ്ങളേയും വികസിപ്പിക്കുന്നതാണ് കഥ. കഥാപാത്രങ്ങളേയും, സംഭവങ്ങളേയും ജീവിതത്തിൽ നിന്നുതന്നെ തിരഞ്ഞെടുക്കുകയും വേണം.

"സത്യശകലങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കുന്ന നുണയാണ് കഥ" എന്ന് ബർനാഡ്ഷാ പറഞ്ഞിട്ടുണ്ട്. എല്ലാ കഥകളും നുണകളാണ്. പക്ഷേ, എല്ലാ കഥകളും സത്യശകലങ്ങൾകൊണ്ട് നിർമ്മിച്ചതാണ്. കഥാകാരൻ ജീവിച്ചിരിക്കുന്ന പല മനുഷ്യരെ കൂട്ടിച്ചേർത്താണ് ഒരു കഥാപാത്രത്തെ സൃഷ്ടിക്കുന്നത്. സാദൃശ്യമുള്ള പല സംഭവങ്ങൾ കൂട്ടിച്ചേർത്ത് കഥയിലെ ഓരോ സംഭവവും സൃഷ്ടിക്കുന്നു. അങ്ങനെ കഥാപാത്രങ്ങളും സംഭവങ്ങളും കഥാകാരന്റെ സിംബലുകളായിത്തീരുന്നു. തിരഞ്ഞെടുക്കാനും കൂട്ടിച്ചേർക്കാനുമുള്ള കഴിവാണ് കഥാകാരന്റെ കഴിവ്. ഈ കഴിവ് കഥാകാരന്റെ ജീവിതാനുഭവങ്ങളേയും ജീവിതവീക്ഷണത്തേയും അനുസരിച്ചിരിക്കുകയും ചെയ്യും.

സി.വി. രാമൻപിള്ളയേയും ചന്തുമേനവയും താരതമ്യപ്പെടുത്താം. രണ്ടുപേരും ഒരു കാലഘട്ടത്തിലെ പ്രശസ്തരായ നോവലിസ്റ്റുകളാണ്. പക്ഷേ വ്യത്യസ്തമായ രാഷ്ട്രീയസാമൂഹ്യ അന്തരീക്ഷത്തിലാണ് അവർ ജീവിച്ചത്. അതുകൊണ്ട് രണ്ടുപേരുടേയും ജീവിതവീക്ഷണവും വ്യത്യസ്തമായിരുന്നു.

രാജാധികാരത്തിൻ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു സി.വി. രാമൻപിള്ള. ഈശ്വരഭക്തിയെപ്പോലെതന്നെ രാജഭക്തിയും അന്നത്തെ തിരുവിതാംകൂറിലെ ജനങ്ങളിൽ രൂഢമൂലമായിരുന്നു. അന്ന് വിദ്യാലങ്ങളിൽ പഠിത്തം തുടങ്ങുന്നത്, "വഞ്ചി ഭൂമിപതേ ചിരം സഞ്ചിതാഭം ജയിക്കണം" എന്ന രാജസ്തുതി പാടിക്കൊണ്ടായിരുന്നു. അന്നത്തെ ഏറ്റവും വലിയ ഉൽസവം തിരുനാളാഘോഷമായിരുന്നു. അന്നത്തെ എല്ലാ കവികളും തിരുനാൾമംഗളം എഴുതുന്നവരായിരുന്നു. അങ്ങനെ, രാജഭക്തി നിറഞ്ഞുനിന്ന അന്തരീക്ഷമായിരുന്നു സി.വി. യുടെ ചുറ്റുമുണ്ടായിരുന്നത്.

അതുകൊണ്ട് സി.വി.യുടെ നോവലുകളിലെ കഥാപാത്രങ്ങൾ രാജാക്കന്മാരും രാജസേവകന്മാരും ആയതിൽ അത്ഭുതപ്പെടാനില്ല. രാജ്യം വെട്ടിപ്പിടിക്കാനുള്ള യുദ്ധങ്ങൾ, യുദ്ധങ്ങളിൽ രാജസേവകന്മാർ അനുഷ്ഠിക്കുന്ന ത്യാഗങ്ങൾ, രാജശത്രുക്കളുടെ ഗൂഢാലോചനകൾ മുതലായവയാണ് അദ്ദേഹത്തിന്റെ നോവലു

കളിലെ സംഭവങ്ങൾ. ആ കഥാപാത്രങ്ങളേയും സംഭവങ്ങളേയും സൃഷ്ടിച്ച് അവയെ കൂട്ടിയിണക്കി ഒന്നാംതരം നോവലുകൾ അദ്ദേഹം എഴുതി. പ്രതിഭാശാലിയായ ഒരു നോവലിസ്റ്റായിരുന്നു സി. വി. അദ്ദേഹം തന്റെ നോവലുകളിൽക്കൂടി തന്റെ ജീവിതവീക്ഷണം വെളിപ്പെടുത്തുകയും ചെയ്തു.

ആ കാലഘട്ടത്തിൽത്തന്നെ നോവലെഴുതിയ ചന്തുമേനവന്റെ ജീവിതവീക്ഷണം വ്യത്യസ്തമായിരുന്നു. നമ്പൂതിരിസംബന്ധംമൂലം നായൻമാർ അനുഭവിച്ചുകൊണ്ടിരുന്ന ദുരന്തങ്ങൾ ചന്തുമേനവനെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു. ബ്രിട്ടീഷിൻഡ്യയിലെ ഒരു ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും വിദേശഭരണത്തിനെതിരായി അടിച്ചുകൊണ്ടിരുന്ന കാറ്റ് ചന്തുമേനവനേയും ബാധിച്ചിരുന്നു. അങ്ങനെ, സാമൂഹ്യവും രാഷ്ട്രീയവുമായ ഒരു പരിഷ്കരണതൃഷ്ണയുണ്ടായിരുന്നു ചന്തുമേനവന്. കേരളത്തിലെ ആദ്യത്തെ സാമൂഹ്യപരിഷ്കരണ നോവൽ അദ്ദേഹത്തിൽനിന്ന് ഉണ്ടാവുകയും ചെയ്തു- ഇന്ദുലേഖ.

സി.വി.യെപ്പോലെതന്നെ ചന്തുമേനവനും പ്രതിഭാശാലിയായിരുന്നു. കുറെ നമ്പൂതിരിമാരേയും അവരുടെ സംബന്ധത്തെ എതിർക്കുന്ന നായൻമാരേയും അവതരിപ്പിച്ച് മനോഹരമായ ഒരു നോവൽ അദ്ദേഹം സൃഷ്ടിച്ചു. ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പും ആ നോവലിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്.

സി.വി.യുടെ നോവലുകൾക്ക് രാജഭക്തരായ തിരുവിതാംകൂറുകാർ ഉടൻ അംഗീകാരം കൊടുത്തു. ആ നോവലുകൾ പാഠപുസ്തകങ്ങളായി. ചന്തുമേനവന്റെ 'ഇന്ദുലേഖ' യ്ക്കാകട്ടെ ശക്തിയായ എതിർപ്പുകളെ നേരിടേണ്ടിവന്നു, സാഹിത്യരംഗത്തും സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും അതിനു ശത്രുക്കളുണ്ടായി. അതിനെ സാഹിത്യമായി അംഗീകരിച്ചില്ല. ചെറുപ്പക്കാരനെ വഴിതെറ്റിക്കുന്ന അസാന്മാർഗ്ഗികകഥ എന്നും അതിനെ മുദ്രയടിച്ചു. അന്ന് ഞാൻ എന്റെ വീട്ടിലെ സർപ്പക്കാവിന്റെ പിറകിൽ ഒളിച്ചിരുന്നാണ് ആ നോവൽ വായിച്ചത്.

എന്റെ തലമുറയിലെ കഥാകാരന്മാർക്കു മാർഗ്ഗദർശനം നൽകിയതു സി.വി.യല്ല, ചന്തുമേനവനാണ്.

എന്റെ തലമുറയിലെ എഴുത്തുകാരുടെ കാലഘട്ടം വന്നപ്പോൾ അന്തരീക്ഷം മാറി. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ കൊടുങ്കാറ്റ് അടിക്കുവാൻ തുടങ്ങി. ഇൻഡ്യയെ ഭരിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറ ഇളകി. മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർത്ത ജാതി വ്യവസ്ഥയും അയിത്തവും തീണ്ടലും തകർന്നുകൊണ്ടിരുന്നു. റഷ്യൻ വിപ്ലവത്തിന്റെ സന്ദേശം ഇൻഡ്യയിൽ അലയടിച്ചു.

ഈ പരിവർത്തനങ്ങളിലെ പങ്കാളികളായിരുന്നു എന്റെ തലമുറയിലെ എഴുത്തുകാർ. ഞങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യജീവിതമാണ്. ആ പരിവർത്തനങ്ങൾക്കനുകൂലമായ ജീവിതവീക്ഷണമാണ് ഞങ്ങൾക്കുണ്ടായത്. അതുകൊണ്ട് ഞങ്ങളുടെ കഥകൾ സി.വി.യുടേയും ചന്തുമേനവന്റേയും കഥകളിൽനിന്നു വ്യത്യസ്തമായിരുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും മതപരവുമായ അടിമത്തത്തിൽനിന്നു മോചനം നേടാൻ സമരം നടത്തുന്ന പോരാളികളായിരുന്നു ഞങ്ങളുടെ കഥകളിലെ കഥാപാത്രങ്ങൾ. ആ സമരത്തിലെ സംഭവങ്ങളായിരുന്നു ഞങ്ങളുടെ കഥകളിലെ സംഭവങ്ങൾ.

ആരുടെ മുൻപിലും തല കുനിക്കാത്ത ത്യാഗിയായ റിക്ഷാക്കാരൻ പപ്പു എന്റെ കഥാനായകനായി. ചേർത്തലയിൽ ഏകനായി ജന്മിത്തത്തോട് എതിർത്തുനിന്ന കൊച്ചയ്യപ്പനെ ഞാൻ ചിത്രീകരിച്ചു. കുട്ടനാടൻ പാടങ്ങളിൽ നിന്ന് തകഴി കഥാപാത്രങ്ങളേയും സംഭവങ്ങളേയും തിരഞ്ഞെടുത്തു. മുച്ചീട്ടുകളിക്കാരനേയും പോലീസുകാരന്റെ മകളേയും ബഷീർ കഥാപാത്രങ്ങളാക്കി. കത്തോലിക്കാപ്പള്ളിയോടെതിർത്ത കഥാപാത്രങ്ങളെയാണ് പൊൻകുന്നം വർക്കി അവതരിപ്പിച്ചത്. അങ്ങനെ ഞങ്ങൾ എഴുതിയ കഥകളിൽ മാറ്റമുണ്ടായി. എന്നുവച്ചാൽ, ഞങ്ങളുടെ കഥകളുടെ ഭാവവും രൂപവും മുൻ കാഥികന്മാരുടേതിൽനിന്ന് വ്യത്യസ്തമായിരുന്നു.

സാമാന്യജനങ്ങളുടെ കഥകൾ സാമാന്യജനങ്ങൾക്കു വേണ്ടിയാണ് ഞങ്ങൾ എഴുതിയത്. അതുകൊണ്ട് സാമാന്യജന ങ്ങളുടെ ലളിതമായ ഭാഷ ഞങ്ങൾ ഉപയോഗിച്ചു. വളച്ചുകെട്ടും വക്രോക്തിയും ഞങ്ങളുടെ കഥകളിൽ കാണുകയില്ല. അങ്ങനെ സാഹിത്യം ജനങ്ങളിലേക്ക് ഇറങ്ങിവന്നു; ജനങ്ങൾ സാഹിത്യ ത്തിലേക്ക് ഉയരുകയും ചെയ്തു.

സാഹിത്യത്തിന്റെ ഭാവവും രൂപവും ഒന്നു തന്നെയാണ്. രണ്ടിനേയും വേർതിരിക്കുവാൻ വയ്യ. ഭാവത്തിന്റെ സ്വയം വികാ സമാണ് രൂപം. തന്റെ ഗർഭാശയത്തിൽ വീഴുന്ന ഒരു ബീജം സ്വയം വളർന്നു കുട്ടിയായിത്തീരുമ്പോൾ സ്ത്രീ പ്രസവിക്കുന്നു. അതു പോലെ തന്നെ കഥാകാരന്റെ മനസ്സിലുണ്ടാവുന്ന കഥാബീജം സ്വയം വളർന്ന് കഥയുടെ രൂപം ഉണ്ടാവുകയാണു ചെയ്യുന്നത്. എന്റെ തലമുറയിൽ സാഹിത്യത്തിന്റെ ഭാവം മാറിയതുകൊണ്ട് രൂപവും മാറി.

ഭാവത്തിൽനിന്നു രൂപമുണ്ടാക്കുവാൻ വേണ്ടിയാണ്, ബീജ ത്തിൽനിന്ന് ആകർഷകമായ കഥയെ വളർത്തിയെടുക്കുവാൻ വേണ്ടിയാണ്, സാഹിത്യകാരൻ തപസ്സ് ചെയ്യുന്നത്. അപ്പോഴാണ യാൾ ദന്തഗോപുരത്തിൽ കേറുന്നത്. പക്ഷേ, അയാൾ അവിടത്തെ സ്ഥിരതാമസക്കാരനല്ല. സാഹിത്യപ്രസവം കഴിഞ്ഞാൽ അയാൾ ദന്തഗോപുരത്തിൽനിന്ന് പുറത്തു ചാടും.

ഗർഭപാത്രത്തിൽ ബീജമുണ്ടാകുന്നത് സംഭോഗം മൂലമാണ്. ജീവിതസമരമാകുന്ന സംഭോഗത്തിൽക്കൂടിയാണ് സാഹിത്യകാ രന്റെ മനസ്സിൽ സാഹിത്യബീജമുണ്ടാവുന്നത്.

സ്ത്രീയുടെ ഗർഭം കായികവും പുരുഷന്റെ ഗർഭം മാനസി കവും ആയതുകൊണ്ട് ഈ ഉപമ ശരിയല്ല എന്നൊരഭിപ്രായം ഞാനൊരിക്കൽ കേട്ടു. കായികവും മാനസികവുമായ പ്രവർത്ത നങ്ങളെപ്പറ്റി ശാസ്ത്രീയബോധമില്ലാത്തതുകൊണ്ടുണ്ടായ അഭി പ്രായമാണത്. മനുഷ്യന്റെ കായികവും മാനസികവുമായ ചലന ങ്ങൾ പരസ്പരം ആശ്രയിച്ചാണ് നിൽക്കുന്നത്.

ഗർഭിണിയായ സ്ത്രീക്ക് ദുസ്സഹമായ മാനസികാസ്വാസ്ഥ്യ മുണ്ടായാൽ ഗർഭം അലസിപ്പോവും. അല്ലെങ്കിൽ ഗർഭത്തിൽ കിട ക്കുന്ന കുട്ടിക്ക് അംഗവൈകല്യങ്ങൾ സംഭവിക്കും. അതുപോലെ തന്നെ സാഹിത്യഗർഭമുണ്ടായ സാഹിത്യകാരന് ആഹാരമില്ലെ ങ്കിൽ അയാളുടെ മനസ്സിലുള്ള സാഹിത്യബീജം രൂപംകൊള്ളുക യില്ല. ആഹാരമില്ലാത്തതുകൊണ്ട്, പട്ടിണിയും ദുരിതവും സഹി ച്ചതുകൊണ്ട്, എന്റെ മനസ്സിലുണ്ടായ പല സാഹിത്യബീജങ്ങളും അലസിപ്പോയിട്ടുണ്ട്. പിന്നീട് ആഹാരം കഴിച്ച്, ദുരിതങ്ങളിൽനിന്ന് അല്പമൊന്ന് ഒഴിഞ്ഞുനിൽക്കുമ്പോൾ, സാഹിത്യത്തിന്റെ ബീജ ങ്ങൾ മനസ്സിലേക്കു തള്ളിക്കയറുകയും ചെയ്യും.

ജീവിതാനുഭവങ്ങളിൽനിന്ന് കഥാബീജങ്ങളുണ്ടാകുന്നു. തപ സ്സുകൊണ്ട് ആ ബീജത്തെ വികസിപ്പിച്ച് ആകർഷകമായ രൂപമു ണ്ടാക്കുന്നു.

*(കേരളസർവ്വകലാശാല പ്രസിദ്ധീകരിച്ച 'നോവൽ നോവലിസ്റ്റിന്റെ കാഴ്ചപ്പാടിൽ' എന്ന പുസ്തകത്തിലെ ലേഖനം.)*

✦✦✦




UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

പ്രകാശനവിഭാഗം
കേരളസർവകലാശാല

Cover Painting: Paul Klee